PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session—1956.

Monday the 12th March 1956

Vol. XVI] OFFICIAL REPORT [No. 8

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 12th March 1956 with Mr. Speaker in the Chair.

ANNOUNCEMENT

RE: MESSAGE FROM THE RAJ PRAMUKH

MR. SPEAKER: Order, order. I have to make an announcement.

The motion of thanks passed by this Assembly was presented to His Highness the Raj Pramukh, as required in sub-Rule (6) of Rule 14 of the Rules. Under sub-rule (7) of Rule 14, I hereby report to the Assembly the message received from His Highness the Raj Pramukh, which is as follows:—

"I have great satisfaction for your resolution of thanks for the address with which I opened the present Session of the Legislature on the 27th February 1956."

Statement by the Chief Minister under Rule 226.

മി. സ്പീക്കർ: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ നേതൃത്വത്തിലുള്ള മന്ത്രിസഭ ഇന്നലെ രാജ്പ്രമുഖിനോടു കൂടി രാജിവച്ചിരിക്കുന്നതുകൊണ്ട്, ഇന്ന് താഴെപ്പറയുന്ന മന്ത്രിസഭാംഗങ്ങൾ ഇവിടെ സന്നിഹിതരായിരിക്കുന്നു. രാജിവച്ച മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിനു് ഈ സഭയിൽ ഒരു പ്രസ്താവന നടത്തുന്നതിനു് ഞാൻ അനുമതി നൽകിയിരിക്കുകയാണു്.

ശ്രീ. ടി. വി. തോമസ്: എത്ര മണി വരെ സമയം ഉണ്ടു് ഇതിനെ ഒരു പ്രസ്താവനചെയ്യാൻ അനുമതി നൽകിയിരിക്കുന്നതു്?

മി. സ്പീക്കർ: റൂൾ 226 അനുസരിച്ചു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : റൂൾ 226 അനുസരിച്ചാണെങ്കിൽ അതായത്—

"226. A statement may be made by a Minister on a matter of public importance with the consent of the Speaker, but no question shall be asked at the time the statement is made."

ഇതാണല്ലോ ആ റൂൾ. പബ്ലിക്ക് ഇംപോർട്ടൻസുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു പ്രസ്താവനചെയ്യാനാണ് അദ്ദേഹത്തിനു് അനുമതി നൽകിയിട്ടുള്ളതെങ്കിൽ, ആ പ്രോസിഷൻ പാർട്ടിയിലും, മറ്റു പാർട്ടികളിലുമുള്ള നേതാക്കന്മാരുടെ അഭിപ്രായംകൂടി രേഖപ്പെടുത്താൻ അനുവദിക്കണം.

മി. സ്പീക്കർ : റൂൾ 226 അനുസരിച്ച് രാജിവച്ച മുഖ്യമന്ത്രിക്ക് ഒരു പ്രസ്താവന ചെയ്യാൻ അനുവാദം നൽകിയിരിക്കുകയാണു്. അദ്ദേഹത്തിന്റെ പ്രസ്താവന കഴിഞ്ഞതിനുശേഷം, ഈ സഭയിലുള്ള മറ്റു പാർട്ടി നേതാക്കന്മാർക്കും, മറ്റാർക്കെങ്കിലും എന്തെങ്കിലും പറയാനുണ്ടെങ്കിൽ സമയം അനുവദിക്കാം. പക്ഷേ, സ്റ്റേറ്റുമെന്റു സംബന്ധിച്ച് ഒരു ഡിസ്കഷൻ പാടില്ലെന്നുള്ളതു നിർബ്ബന്ധമാണു്. കൂടാതെ അദ്ദേഹം പ്രസംഗിക്കുന്ന അവസരത്തിൽ യാതൊരു ചോദ്യങ്ങളും അനുവദിക്കുന്നതല്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഡിസ്കഷൻ പാടില്ലെങ്കിൽ പിന്നെ എന്തിനെപ്പറ്റിയാണു് സംസാരിക്കേണ്ടതു്.

മി. സ്പീക്കർ : പ്രത്യേക ഒരു പരിതഃസ്ഥിതിയിലാണു് നാം ഇന്നു് ഇവിടെ സമ്മേളിച്ചിരിക്കുന്നതു്. മന്ത്രിമാർ രാജിവച്ചിരിക്കുന്ന സ്ഥിതിക്കു മന്ത്രിസഭ ഇല്ലാത്ത ഒരവസ്ഥയാണിന്നുള്ളതു്. ഈയവസരത്തിൽ, രാജപ്രമുഖനോ, പ്രസിഡൻറിനോ ഒരു നിർണ്ണയമെടുക്കുന്നതിനു സഹായകമായ അഭിപ്രായപ്രകടനത്തിനു ഈ സഭയിലെ മെംബറന്മാർക്കു് അഭിപ്രായമുണ്ടെങ്കിൽ അതിനു സമയം അനുവദിക്കാവുന്നതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, നാം ഇന്നു് ഈ സഭയെ അറിയിച്ചപ്രകാരം ഇന്നലെ രാത്രി പത്തുമണിക്കു് ഞാനും എന്റെ കൂട്ടു മന്ത്രിമാരും രാജപ്രമുഖൻ തിരുമനസ്സിലേയ്ക്കു് രാജി സമർപ്പിച്ചിരിക്കുകയാണു്. ഈയവസരത്തിൽ, രാജിവച്ചൊഴിയുന്ന മന്ത്രിക്കോ, മന്ത്രിസഭയ്ക്കോ നിയമസഭയിൽ ഒരു പ്രസ്താവന ചെയ്യാനുള്ള അവകാശവും നടപ്പും അനുസരിച്ചു് ഞാൻ ഒരു പ്രസ്താവനചെയ്യുകയാണു്, അതല്ലാതെ, ഗവണ്മെൻറിന്റെ ഏതെങ്കിലും പ്രധാന തീർപ്പുകളെയോ, കാര്യങ്ങളെയോ പറയുകയല്ല. നിയമസഭയിൽ ഒരു സ്റ്റേറ്റുമെൻറു ചെയ്യാൻ രാജിവച്ചൊഴിയുന്ന ഒരു മന്ത്രിക്കു് അവകാശമുണ്ടു്.

ശ്രീ. ടി. വി. തോമസ് : സർ, ഒരു പോയിൻറു ഓഫ് ഓർഡർ. റൂൾ 68 അനുസരിച്ചു രാജിവച്ചൊഴിയുന്ന ഒരു മന്ത്രിക്കു് ഈ സഭയിൽ ഒരുപ്രസ്താവനചെയ്യാൻ അവകാശമുണ്ടു്. അതുകൊണ്ടു ഒരു പ്രസ്താവന ചെയ്യണമെന്നുള്ള പക്ഷം, ഒരു ദിവസം മുമ്പു് പ്രസ്താവനയുടെ ഒരു കോപ്പി ലീഡർ ഓഫ് ദി ഹൗസിനും, സ്പീക്കർക്കും അയച്ചു കൊടുക്കണ

LIBRARY ARCHIVES Kerala Legislative Assembly

മൊന്നുണ്ട്. അതു സാധിച്ചില്ലെങ്കിൽ അതിന്റെ ഒരു മിസ്സ് ഒരു ദിവസത്തിനു മുമ്പു കൊടുക്കുമെന്ന് അനുശാസിക്കുന്നുണ്ട്. റൂൾ 68 അനുസരിച്ചാണ് ശ്രീ. പനമ്പിള്ളിക്ക് പ്രസ്താവനചെയ്യാൻ അനുമതി നൽകിയിട്ടുള്ളതെങ്കിൽ, അതനുസരിച്ച് ഒരു മിസ്സ് അദ്ദേഹത്തിനു നൽകിയിട്ടുണ്ടോ? അങ്ങനെ അയച്ചിട്ടില്ലെങ്കിൽ ഒരു പ്രസ്താവന ചെയ്യാൻ അനുവദിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

SHRI P. S. NATARAJA PILLAI: Sir, on a point of information. If it is Rule 68 that is governing the procedure now, does it envisage the resignation of the Cabinet? Rule 68 refers to the statement of a particular Minister who has resigned.

MR. SPEAKER: I have made it perfectly clear that I have allowed Mr. Govinda Menon to make a statement under Rule 226 and not rule 68.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇപ്പോഴത്തെ വിവാദപരമായ കാര്യങ്ങളൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സഭയുടെ നേതാവെന്ന നിലയിലും, ഈ രാജ്യത്തെ മുഖ്യമന്ത്രിയെന്ന നിലയിലും, ഒരു കൊല്ലത്തിലധികം പ്രവർത്തിച്ചിട്ടു, നിങ്ങളോടു യാത്ര പറഞ്ഞു പിരിയുവാൻ പോകുന്ന ഈ സന്ദർഭത്തിൽ, വിവാദപരമായതോ, ഉദ്വേഗപരമായതോ, അല്ലെങ്കിൽ കക്ഷിഭിന്നതകളും, ജനങ്ങളും തമ്മിൽ കൂടുതൽ അകലുവാൻ പ്രയോജനപ്പെടുന്നതോ ആയ ഒരു പ്രസ്താവനയും ചെയ്യുമെന്നു ഞാനാഗ്രഹിക്കുന്നില്ല. അങ്ങനെയൊരു പ്രസ്താവന ചെയ്യുമെന്നുദ്ദേശിച്ചു ഈ സന്ദർഭം ഞാൻ ഉപയോഗിക്കുന്നതല്ല. ഇതു പ്രധാനപ്പെട്ട ഒരു സന്ദർഭത്തിൽ, ഒരു ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ചുകഴിഞ്ഞിരിക്കുന്ന ഒരു ഘട്ടത്തിൽ, ഒരു പഞ്ചവത്സരപദ്ധതിയുടെ കാലം അവസാനിക്കുകയും, മറ്റൊരു പഞ്ചവത്സരപദ്ധതി തുടങ്ങാൻ പോവുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ, സംസ്ഥാനപുനഃസംഘടനാനന്തരം പുതുതായി രൂപീകൃതമായ ആന്ധ്രാ പ്രധാനമായ പല കാര്യങ്ങളും നമുക്കു ആലോചിക്കാനുള്ള ഒരവസരത്തിൽ ഒരു മന്ത്രിസഭ രാജിവയ്ക്കുകയാണെങ്കിൽ അതിനെപ്പറ്റി ജനപ്രതിനിധികളുടെ സഭയിൽ ഒരു പ്രസ്താവന ചെയ്യുന്നതു കേവലമായ ഒരു മര്യാദമാത്രമാണ്. അതുകൊണ്ടാണു ഞാൻ ഈ പ്രസ്താവന ചെയ്യുന്നതു.

സർ, ഒരുകൊല്ലം മുൻപ്, അല്ലെങ്കിൽ അന്നിലധികം കൊല്ലങ്ങൾക്കു മുൻപു, ഈ നിയമസഭയിലെ ഒരു പ്രതിപക്ഷത്തിന്റെ പിൻതുണയോടുകൂടി കോൺഗ്രസ്സുപാർട്ടിക്കുവേണ്ടി, അതിന്റെ നേതാവായിരുന്ന ഞാൻ ഒരു മന്ത്രിസഭ രൂപീകരിച്ചു. ആ മന്ത്രിസഭ രൂപീകരിക്കാൻ അന്നു എനിക്കു എല്ലാവിധത്തിലും അവകാശം ഉണ്ടായിരുന്നു. ഈ നിയമസഭയിലെ 58 അംഗങ്ങൾ അന്നു എന്റെ പാർട്ടിയിലുണ്ടായിരുന്നു. കൂടാതെ, ഒരു സ്വതന്ത്രമെമ്പർ അദ്ദേഹത്തിന്റെ എല്ലാവിധത്തിലുള്ള പിൻതുണയും ഞാൻ ഉണ്ടാകുമെന്നിടയുണ്ടായിരുന്നു താവണമെന്റിനു നൽകുമെന്നു് എനിക്കും രാജപ്രമുഖനു തിരുമനസ്സിലാക്കാൻ കഴിയുകയും ചെയ്തിരുന്നു. അങ്ങനെ വ്യക്തമായ ഒരു പ്രതിപക്ഷം ഉണ്ടെന്നുകണ്ടപ്പോൾ മാത്രമാണു നേരത്തെ കോൺഗ്രസ്സുപാർട്ടി അധികാര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ത്തിൽ പ്രവേശിച്ചതു്. അങ്ങനെ കാൺഗ്രസ്സുപാർട്ടി അധികാരത്തിൽ പ്രവേശിച്ചു ഇവിടത്തെ ഭരണം ഒരുകൊല്ലകാലത്തിലധികം നടത്തിയതെപ്പറ്റിയോ, അതിന്റെ ഗുണദോഷങ്ങളെപ്പറ്റിയോ ഒന്നും ഞാൻ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നില്ല. അതു സംബന്ധിച്ചു പ്രസ്താവനകളും വാദപ്രതിവാദങ്ങളും ബഡ്ജറ്റവതരിപ്പിക്കുമ്പോൾ നടത്തേണ്ട കാര്യങ്ങളാണു്. ഇന്നു് അങ്ങനെയുള്ള യാതൊരു കാര്യങ്ങളും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നിരുന്നാലും, എന്തുകൊണ്ടു രാജിവച്ചു, എന്തുകൊണ്ടു അധികാരത്തിൽനിന്നും സ്വമേധയാ ഒഴിഞ്ഞുപോകുന്നു എന്നും മറ്റുമുള്ള ചോദ്യങ്ങൾ പ്രസക്തമാണു്.

സർ, ഈ മാസം 9-ാംതീയതി രാത്രി പതിനൊന്നുമണിവരെ എന്റെ കക്ഷിയിൽ വ്യക്തമായ ഒരു പ്രതിപക്ഷമുണ്ടായിരുന്നു. അങ്ങനെ വ്യക്തമായ ഒരു പ്രതിപക്ഷമില്ലാതെ, അല്ലെങ്കിൽ വ്യക്തമായ ഒരു പ്രതിപക്ഷമുണ്ടാകുമെന്നുള്ള ഉറപ്പുകിട്ടാതെ ഇന്നത്തെ അവസ്ഥയിൽ ആക്കിയ ഭരണം നടത്താൻ സാദ്ധ്യമല്ല. അങ്ങനെ ഭരണം നടത്താൻ നിവൃത്തിമില്ലാത്ത ഒരവസ്ഥ സംജാതമായതോടുകൂടി ഞാൻ രാജിവച്ചൊഴിയാൻ തീരുമാനിച്ചതാണു്. അങ്ങനെ രാജിവയ്ക്കുന്നതിനുമുൻപു, കാൺഗ്രസ്സുപാർട്ടിയിൽപ്പെട്ട ആരംഗത്തോടും, എന്റെ സുഹൃത്തുക്കളോടും, എന്റെ അടുത്ത ബന്ധുക്കളോടും ഇതിനെപ്പറ്റി സ്നേഹപൂർവ്വം സദയം പറയുകയുണ്ടായിട്ടുള്ള കാര്യമാണു് ഈ മന്ത്രിസഭ രാജിവയ്ക്കണമെന്നു എന്നോടു ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അന്നു അതു ചെയ്യാൻ ഞാൻ സമ്മതിച്ചില്ല. ഞാൻ അന്നു അതു ചെയ്യാൻ സമ്മതിക്കാതിരുന്നതു എതെങ്കിലും വിധത്തിലുള്ള ദുരാഗ്രഹംകൊണ്ടോ, എതെങ്കിലും വിധത്തിലുള്ള തന്നിഷ്ടംകൊണ്ടോ, തോന്ന്യാസംകൊണ്ടോ അല്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അതു വലിയൊരു ചീത്ത കീഴ്വഴക്കമാകുമായിരുന്നു. ഒരു നിയമസഭയിൽ പ്രതിപക്ഷമുള്ള ഒരു പാർട്ടി ഭരണംനടത്തിക്കൊണ്ടിരിക്കുമ്പോൾ, ആ പാർട്ടിയിൽപ്പെട്ട അഞ്ചോ, ആറോ ആളുകൾ, അവർ എത്രതന്നെ സമുന്നതന്മാരായിരുന്നാലും, മന്ത്രിസഭ രാജിവയ്ക്കണമെന്നു പറയുന്നതനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ, ആ പാർട്ടിയോടെന്നു മാത്രമല്ല, നിയമസഭയോടും ഉത്തരവാദിത്വമുള്ള എന്നോടു, നിങ്ങൾ ഓരോരുത്തരും ചോദിക്കുമായിരുന്നു;— എന്തുകൊണ്ടു ഒരു സുപ്രധാനഘട്ടത്തിൽ, സന്ദർഭോചിതമായ ഒരവസരത്തിൽ രാജിവച്ചു, എന്തുകൊണ്ടു രാജ്യഭരണപരമായ ഈ ദുർഘടഘട്ടം ഉണ്ടാക്കി എന്നു രാഷ്ട്രീയ പ്രതിയോഗികൾക്കുപോലും എന്നോടു ചോദിക്കുവാൻ സാധിക്കുമായിരുന്നു. അങ്ങനെയൊരു സന്ദർഭം ഉണ്ടാക്കാൻ ഞാൻ വഴിപ്പെട്ടില്ല. അതെ വഴിപെടാതിരുന്നതു്, അശേഷം ധിക്കാരംകൊണ്ടോ, തന്നിഷ്ടംകൊണ്ടോ ആണെന്നു ആരും കണക്കാക്കരുതെന്നു ഞാൻ വളരെ വിനയപൂർവ്വം ഈ സഭയിൽ പ്രസ്താവിച്ചുകൊള്ളുന്നു. ആറംഗങ്ങൾ എന്റെ കക്ഷിയിൽനിന്നു രാജിവച്ചിരിക്കുകയാണു് രാജിവച്ചുവെന്നുമാത്രമല്ല, ഈ നിയമസഭയിൽ, കാൺഗ്രസ്സ് പാർട്ടിയുടെ ബ്ലാക്കിൽനിന്നു പിരിഞ്ഞുതരംകിട്ടുകയും ചെയ്തിരിക്കുന്നു എന്നു സർ, അവർ അങ്ങയോടു അപേക്ഷിച്ചിരിക്കുകയാണു്. അങ്ങനെയിരിക്കുമ്പോൾ എനിക്കു പിൻബലമായി 54 വോട്ടുകൾ മാത്രമാണുള്ളതു്. അതെ 54 അംഗങ്ങളുടെമാത്രം പിൻബലമുള്ള ഒരു ഗവണ്മെന്റിനു്, ഒരു പാർട്ടിയുടെ നേതാവിനു,

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമസഭയിൽ വന്ന ബഡ്ജറ്റ് പാസ്സാക്കിയെടുക്കണമെന്നുണ്ടെങ്കിൽ, പ്രതിപക്ഷത്തിന്റെ ആനുകൂല്യങ്ങളും ഉണ്ടാകാതെ നിവൃത്തിയില്ല. ആ വിധത്തിലുള്ള ആനുകൂല്യങ്ങളും ഉണ്ടാകുമോ എന്ന എനിക്കുറപ്പുണ്ടായിരുന്നില്ല; പരിനഞ്ചംഗീയതി ഡിമാൻഡുകളുംകൊണ്ടുവരുമ്പോൾ, എങ്ങനെയാണ് പ്രതിപക്ഷങ്ങളും പെരുമാറുകയെന്നും, നിയമസഭയിൽ വ്യക്തമായ തീരുമാനം ഏതുവിധത്തിലിടിക്കുമെന്നും കാക്കാതെ ഇപ്പോൾത്തന്നെ രാജിവച്ചുപോന്നതാണ് എന്നൊരു ചോദ്യം പ്രസക്തമാണ്. പക്ഷെ, അതിനു് ഒരുവിധത്തിലും തക്കം ഉണ്ടാകാത്തവിധത്തിൽ, ഒരു വിധത്തിലും സംശയമുണ്ടാകാത്ത വിധത്തിൽ ചില പ്രസ്താവനകളും ഉണ്ടായിട്ടുണ്ട്. 54 കോൺഗ്രസ്സ് പാർട്ടി അംഗങ്ങളും ഒഴികെ, ഈ നിയമസഭയിലുള്ള മറ്റെല്ലാ അംഗങ്ങളും, ഈ മന്ത്രിസഭയെ അനുകൂലിക്കാൻ ഒരുക്കമല്ല, വോട്ടുചെയ്തു വീഴിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെ വ്യക്തമായി പ്രസ്താവിച്ചതിനു ശേഷം, എന്തൊക്കെ സംഭവിച്ചേക്കാം, എങ്ങനെയെങ്കിലും വോട്ടുകിട്ടിയേക്കാം, ആരെങ്കിലും അനുകൂലമായി വോട്ടുചെയ്തേക്കാം, ആരെങ്കിലും വരാതിരുന്നേക്കാം, എന്നെല്ലാം വിചാരിച്ചു ഒരു ബഡ്ജറ്റ് പാസ്സാക്കാമെന്നുള്ള പ്രതീക്ഷയോടുകൂടി നിയമസഭയിൽ വന്നാൽ അതു അധാർമ്മികമാകുമായിരുന്നു, തെറ്റുമായിരുന്നു. അതു യുക്തിയുക്തമായിരുന്നില്ല എന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഈ നിയമസഭയിൽ, കോൺഗ്രസ്സുകക്ഷി കഴിഞ്ഞാൽ, ഏറ്റവും മുഖ്യം സംഖ്യാബലമുള്ളകക്ഷി കമ്മ്യൂണിസ്റ്റ് കക്ഷിയാണ്. ആ കക്ഷിയിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന വളരെ വ്യക്തമാണ്. ദിവസേനവരുന്ന പ്രസ്താവനകളിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്, ഈ രാജ്യത്തു ഒരു കുഴപ്പമുണ്ടാക്കാൻ അവർ ആഗ്രഹിക്കുന്നില്ല, ഈ മന്ത്രിസഭയെ വോട്ടുചെയ്തു തോല്പിക്കണം, മറ്റൊരു മന്ത്രിസഭയുണ്ടാക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അതിനുവേണ്ട പിൻതുണ നൽകണം എന്നും മറ്റും. ഈ പ്രസ്താവന ഇറക്കുന്ന സന്ദർഭത്തിൽ ഈ രാജ്യത്തെ, രാഷ്ട്രീയകാര്യത്തെപ്പറ്റി വേണ്ടപോലെ പരിചയമുണ്ടെന്നു ഞാൻ സമ്മതിക്കാത്ത ചില ആളുകളും, കോൺഗ്രസ്സ് കക്ഷി നേതാവും, കമ്മ്യൂണിസ്റ്റ് കക്ഷിനേതാവും തമ്മിൽ ചില ഒത്തുതീർപ്പുകളും ഉണ്ടായിട്ടുണ്ട്, ചില അണ്ടർസ്റ്റാൻഡിംഗുകളും ഉണ്ടായിട്ടുണ്ട്, ചില ഇടപാടുകളും ഉണ്ടായിട്ടുണ്ട് എന്നെല്ലാം പ്രസ്താവനകളും ഇറങ്ങുകയുണ്ടായി. സർ, ഇതുവിധത്തിലുള്ള പ്രസ്താവനകളും ഈ നിയമസഭയിലെ അംഗങ്ങളുടെ അന്തസ്സിനു യോജിച്ചതല്ല. ഞാൻ, ഇന്നു, ഇവിടെ ഈയവസരത്തിൽ ഇങ്ങനെയൊരു പ്രസ്താവന ചെയ്യുന്നതുതന്നെ, ആദ്യമായി അതിനെ എതിർക്കുന്നതിനുവേണ്ടിയാണ്. എന്റെ എതിർഭാഗത്തിരിക്കുന്ന, എന്റെ ചില സ്നേഹിതന്മാരും അതുപോലെ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു രാഷ്ട്രീയകക്ഷി ഭരണം നടത്തുമ്പോൾ, മറ്റൊരു രാഷ്ട്രീയകക്ഷിയുമായി ഏതെങ്കിലും വിധത്തിലുള്ള ഒരു ഒത്തുതീർപ്പു നടത്തുകയാണെങ്കിൽ അതു തെറ്റല്ല. ഇന്നത്തെ അവസ്ഥയിൽ, ഇന്നത്തെ കാലഗതിക്കു ഈ വിധത്തിലുള്ള പല ഒത്തുതീർപ്പുകളും, പല അണ്ടർസ്റ്റാൻഡിംഗും രാഷ്ട്രീയകക്ഷികളും തമ്മിൽ ഉണ്ടാകേണ്ടതു ആവശ്യമാണ്. ജനക്ഷേമത്തിന്റെ ആവശ്യത്തിന്, രാജ്യഭരണത്തിന്റെ സുഗമമായ നടത്തിപ്പിനു് അതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ആവശ്യമാണ്. ആ നിലയിലല്ലാതെ, വളരെ സീക്രട്ടായി ചില ഒത്തുതീർപ്പുകളും, അണ്ടർസ്റ്റാൻഡിംഗും ഉണ്ടാക്കുന്നതു അനഭിലഷണീയമല്ല. കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ അങ്ങനെ യാതൊരു ഒത്തുതീർപ്പും ഉണ്ടായിട്ടില്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി ആവർത്തിച്ചാവർത്തിച്ചു ചില പ്രസ്താവനകളും, ഈ മന്ത്രിസഭയെ തങ്ങൾ പിന്തുണയ്ക്കുന്നുണ്ടെന്നും, ഒരു അഡ്മിനിസ്ട്രേഷൻ കാരണം ഒഴിവാക്കുന്നതിനേപ്പോലും പിൻതാങ്ങുകയില്ലെന്നും, എസ്സ്. ആർ. സി. ബിൽ വാദപ്രതിവാദം ചെയ്യുവാനുള്ള അവസരം ഉണ്ടാക്കാൻപോലും പിൻതാങ്ങുകയില്ലെന്നും വ്യക്തമായി തുറന്ന പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിധത്തിൽ പ്രസ്താവനചെയ്ത കാര്യം വ്യക്തമായി തുറന്ന പറഞ്ഞതിനു ഞാൻ ആ പാർട്ടിയോടും, പാർട്ടി നേതാവിനോടും വളരെയേറെ കൃതജ്ഞനാണ്. അല്ലാതെ, കാര്യമൊന്നും വെളിവാക്കാതെ, ഒളിച്ചു വയ്ക്കുകയല്ല ഉണ്ടായിട്ടുള്ളതു്. അങ്ങനെ, പതിനഞ്ചാം തീയതി ബഡ്ജറ്റ് ഡിമാൻഡുകളും ഇവിടെ പാസ്സാക്കാൻ കൊണ്ടുവരുന്ന അവസരത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രസ്താവനയും വിശ്വസിക്കുകയാണെങ്കിൽ - അതു വിശ്വസിക്കാതിരിക്കാൻ കാരണമില്ല- അതു വിശ്വസിക്കുകയാണെങ്കിൽ അവരുടെ വോട്ടു ഗവണ്മെന്റിനു അനുകൂലമായി കിട്ടുമെന്നു പ്രതീക്ഷിക്കാൻ യാതൊരു ന്യായവുമില്ല.

പിന്നെ, ഏറ്റവുമധികം സംഖ്യാബലമുള്ള കക്ഷി സോഷ്യലിസ്റ്റ് പാർട്ടിയാണ്. എന്റെ ഓർമ്മശരിയാണെങ്കിൽ ആ പാർട്ടിയിൽ പതിനഞ്ചംഗങ്ങളുണ്ട്. ആ കക്ഷിയും കോൺഗ്രസ്സുകക്ഷിയും ഒന്നുചേർന്നു പ്രവർത്തിക്കുന്നതു ഈ രാജ്യത്തിന്റെ നന്മയ്ക്കു ഉതകുമെന്നു ഞാൻ പലവുരു നേതാക്കന്മാരോടു പ്രസ്താവിച്ചിട്ടുണ്ട്. ആ വിധത്തിൽ, കോൺഗ്രസ്സുപാർട്ടിയും, പ്രജാസോഷ്യലിസ്റ്റുപാർട്ടിയും യോജിച്ചു ഭരണം നടത്താൻ ശ്രമിക്കണമെന്നും, അതിനു വേണ്ടവിധത്തിലുള്ള പരിശ്രമങ്ങളും നടത്തണമെന്നും ഇരുപാർട്ടിയിലുമുള്ള അഭിപ്രായക്കാരും ആരായണമെന്നും, അതിനുവേണ്ടി രണ്ടു പാർട്ടിയും കേന്ദ്രനേതൃസമിതികൾ കൂടണമെന്നും പ്രജാസോഷ്യലിസ്റ്റ് പാർട്ടി നേതാവിനോടു അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങനെ അഭിപ്രായപ്പെട്ടതു എന്റെ കക്ഷിയിൽപ്പെട്ട ആറംഗങ്ങളും വിട്ടുപോകുന്നതിനു മുൻപും, അവർ വിട്ടുപോകുമെന്നു സംശയിക്കാൻപോലും കാരണമില്ലാത്ത സന്ദർഭത്തിലുമായിരുന്നു. ഒരു പ്രതിപക്ഷത്തിന്റെ പിൻതുണയോടുകൂടി ഭരണം നടത്തുന്നതു്, രാജ്യനന്മയ്ക്കു പറ്റിയതാണെങ്കിൽ ഇങ്ങനെ ഒരു ഒത്തുതീർപ്പിനു ശ്രമിച്ചതു തെറ്റാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. നേരേമറിച്ചു ഒരു വിശ്വാസപ്രമേയം പാസ്സാക്കിയതിനുശേഷം, അല്ലെങ്കിൽ നിയമസഭയിൽ പരാജയപ്പെട്ടതിനുശേഷം ആണ ഇങ്ങനെയൊരു ശ്രമം നടത്തിയതെങ്കിൽ അതു അധികാരത്തിൽ തുടർന്നിരിക്കാനുള്ള ഒരു മാർഗ്ഗമാണെന്നും മറ്റും വ്യാഖ്യാനങ്ങളും ഉണ്ടാകുമായിരുന്നു. അങ്ങനെയല്ല നടന്നതു്. ആ വിധത്തിൽ ആരെയും സമീപിച്ചിട്ടില്ല. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, ഈ നിയമസഭയിൽ, ഈ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ വോട്ടിംഗിന്റെ സംപ്രദായം നോക്കുകയാണെങ്കിൽ, ഏതു സന്ദർഭത്തിലും ഈ ഗവണ്മെന്റിനെ ഏതായി വോട്ടുചെയ്തു തോല്പിക്കാനാണു ശ്രമിച്ചിട്ടുള്ളതെന്നു വ്യക്തമാണ്. കഴിഞ്ഞ 1955-56 വർഷത്തിൽ ചെലവുചെയ്തു കഴിഞ്ഞ ഇനങ്ങൾക്കു ഒരു

LIBRARY ARCHIVES Kerala Legislative Assembly

സപ്ലിമെൻററി ഡിമാൻഡു അവതരിപ്പിച്ച സന്ദർഭത്തിൽപോലും ഈ എതിർപ്പു അവർ പ്രകടിപ്പിച്ചിട്ടുണ്ടു്. ആ സപ്ലിമെൻററി ഡിമാൻഡു പാസ്സാക്കിയതിനുശേഷം, പിറേറദിവസം അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിച്ചപ്പോഴും അവർ എതിർക്കുകയാണുണ്ടായതു്. പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ വിപ്പായ ശ്രീ. ചാഴിക്കാട്ടു ജോസഫ് പ്രസംഗിച്ച അവസരത്തിൽ അദ്ദേഹത്തിനു ഇന്നയിന്ന അഭിപ്രായഭേദം ഉണ്ടെങ്കിലും, ഈ ബില്ലിനെ അനുകൂലിക്കുന്നുവെന്നുപറഞ്ഞു സഭാസ്ഥാനത്തിരുന്നതിനുശേഷവും, പ്രജാസോഷ്യലിസ്റ്റുപാർട്ടിയിലുള്ള അംഗങ്ങളും പതിനഞ്ചുപേരും അപ്രോപ്രിയേഷൻ ബില്ലിനെ എതിർത്തു വോട്ടുചെയ്യുകയുണ്ടായതു്. അങ്ങനെ, പ്രജാസോഷ്യലിസ്റ്റുപാർട്ടിയിലെ ഒരു പ്രമുഖാംഗം, സപ്ലിമെൻററിഡിമാൻഡു് ഒരു ദിവസം നിയമസഭയിൽ പാസ്സാക്കിയതിനുശേഷം, അതു റദ്ദുചെയ്യുന്നതിനു കൊണ്ടുവന്ന അപ്രോപ്രിയേഷൻ ബില്ലിനെ അനുകൂലിക്കുന്നുവെന്നു പറഞ്ഞതിനുശേഷവും, അദ്ദേഹത്തിൻറെ കക്ഷി ഒന്നടങ്കം എതിർത്തു വോട്ടുചെയ്തതിൻറെ രഹസ്യം, ഏതെല്ലാം വിധത്തിലുള്ള സംശോധികാസങ്കടം ഉണ്ടായാലും, സന്ദർഭോചിതമുള്ള ഇയവസരത്തിൽ മന്ത്രിസഭ വീഴാൻതന്നെ ഇടയായാലും ഗവണ്മെൻറിനെ എതിർക്കണമെന്നാണു്.

പിന്നെ, ഏറവും സംഖ്യാബലമുള്ള കക്ഷി ആർ. എസ്സു്. പി. യാണു്. അവരിൽ ഒൻപതംഗങ്കടം ഉണ്ടെന്നാണു ഞാൻ അറിയുന്നതു്. ആർ. എസ്സു്. പി. യുടേതായിട്ടു പറഞ്ഞുവന്നിട്ടുള്ള പ്രസ്താവനയിൽ പറയുന്നതു്, ഈ മന്ത്രിസഭയെ വീഴിക്കാൻ, ഏതവസരം കിട്ടിയാലും തങ്ങൾ പിന്നിയോഗിക്കുമെന്നാണു്. മറേറതെങ്കിലും കക്ഷി ഈ മന്ത്രിസഭയെ അനുകൂലിക്കുന്നുവെന്നു സംശയലേശംപോലുമുണ്ടാകുകയാണെങ്കിൽ, ആ കക്ഷിയെ ആക്ഷേപിക്കാനും, തരം ആണു ഈ ഗവണ്മെൻറിനെ അനുസ്യൂതം ഇടതടവില്ലാതെ എതിർക്കുന്നതെന്നു പൊതുജനങ്ങളെ ധരിപ്പിക്കാനുമുള്ള ഒരു വ്യഗ്രത ആർ. എസ്സു്. പി. കാണിച്ചിട്ടുണ്ടു്.

ഈ നിയമസഭയിൽ മൂന്നംഗങ്കടം മാത്രമുള്ള കെ. എസ്സു്. പി. യുടെ പ്രസ്താവനകടം ഒന്നും ഇതിനകം ഞാൻ കഴിഞ്ഞിട്ടില്ലെങ്കിലും, അവരുടെ നിലപാടും ഈ ഗവണ്മെൻറിനു അനുകൂലമല്ലെന്നും, സഹായകമല്ലെന്നും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ 28-ം, 15-ം, 9-ം, 3-ം കൂടി 55 അംഗകടം ഈ മന്ത്രിസഭയ്ക്കു എതിരായി സുവ്യക്തമായ ഒരു നിലപാടു എടുത്തുകഴിഞ്ഞിട്ടുണ്ടു്. പിന്നെ ബാക്കിയുള്ളതു രണ്ടു സ്വതന്ത്രന്മാരാണു്. ആ സ്വതന്ത്രന്മാർ രണ്ടുപേരും തുടർച്ചയായി ഈ മന്ത്രിസഭയെ അനുകൂലിക്കുന്നുണ്ടു്. കോൺഗ്രസ്സുപാർട്ടിയിലുള്ള അവശേഷിക്കുന്ന അംഗങ്ങളിൽ, ആറംഗങ്കടം, ഈ മന്ത്രിസഭയെ ഏതെങ്കിലും വിധത്തിൽ വീഴിക്കുന്നതിനു്, അതു സമയോചിതമോടുകൂടിയായിരിക്കാം, രാജ്യനന്മയെ ലക്ഷ്യമാക്കിയായിരിക്കാം ഈ മന്ത്രിസഭ തുടരൻ പാടില്ലെന്ന പാർട്ടിയിൽ പറഞ്ഞതു ഫലിക്കാതെ, പാർട്ടിക്കുപുറത്തു പോയിട്ടുണ്ടു്. സർ, ഈ സഭയിൽ, ഇന്നലെയോ, മിനിഞ്ഞാന്നോ, ഒരു ഘട്ടത്തിൽ ഇതുപോലെ ശരിയായ ഒരു പിൻതുണ ഈ ഗവണ്മെൻറിനില്ലെന്നുള്ള വസ്തുത വ്യക്തമായി കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ 54 കോൺഗ്രസ്സു പാർട്ടി അംഗങ്ങളിൽ, വെറും 56 പേരുടെ പിൻതുണമാത്രമാണുണ്ടായിരുന്നതെന്നു് വ്യക്തമായിട്ടുണ്ടു്. ഇനിയും, 15-ാം തീയതിവരെ കാത്തിരുന്നിട്ടു്, ഡിക്കൻസിൻറെ ഒരു നോവലിലെ ഒരു കഥാപാത്രമായ മിക്കാബറിനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പ്പോലെ, ഇനിയും എന്തെങ്കിലും സംഭവിച്ചേക്കുമെന്നും, എന്തെങ്കിലും അനുകൂല സാഹചര്യങ്ങൾ ഉയർന്നുവന്നേക്കുമെന്നുകരുതി അധികാരത്തിൽ തുങ്ങിക്കിടക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. കോൺഗ്രസ്സുപാർട്ടി ഭൂരിപക്ഷമുള്ള ഈ സഭയിൽ, അധികാരത്തിൽ ഇരിക്കാനുള്ള അവകാശമുന്നയിച്ചുകൊണ്ടുതന്നെ കൂടി എന്നെ പ്രവേശിച്ചുവോ, അതുപോലെതന്നെ ഏതു സന്ദർഭത്തിൽ ഭൂരിപക്ഷമില്ലെന്നുകണ്ടോ, അപ്പോൾ നിയമസഭയിലെ മറ്റു കക്ഷികൾക്കു ഏതുവിധത്തിൽ ഭരണകാര്യത്തിൽ ഇടപെടാൻ സാധിക്കുമോ അതു ചെയ്യുകൊള്ളട്ടെ എന്നുകരുതി ഈ മന്ത്രിസഭ രാജിവച്ചൊഴിയുകയാണു ചെയ്തതു്. ഇന്നലെ രാജപ്രമുഖൻ തിരുമനസ്സിലെ അടുത്ത രാജി സമർപ്പിച്ച സന്ദർഭത്തിൽ, മറ്റൊരു ഗവണ്മെൻറുണ്ടാക്കുന്നതുള്ള സാഹചര്യം കൂടി ആരായണമെന്നു ഞാൻ ഉപദേശിച്ചിട്ടുണ്ടു്. അതിനു ഇരുപത്തെട്ടു അംഗങ്ങളോ, പതിനഞ്ചു അംഗങ്ങളോ, ഒൻപതംഗങ്ങളോ ഉൾപ്പെടുന്ന വിവിധ പാർട്ടികളിലെ നേതൃത്വവുമായി ആലോചിച്ചു ഈ സന്ദർഭത്തിൽ മറ്റൊരു ഗവണ്മെൻറുണ്ടാക്കാൻ സാദ്ധ്യതയുണ്ടോ എന്നു ആരായണമെന്നും ഞാൻ പറഞ്ഞിട്ടുണ്ടു്. സർ, ഞാൻ ഇതുമുഴുവൻ വിസ്തരിച്ചു ഈ കാര്യങ്ങളെപ്പറ്റി ഇവിടെ പറയുന്നതു്, ഈ സഭയോടുള്ള ആദരവും ഉത്തരവാദബോധവും കൊണ്ടുമാത്രമാണു്. 1952 മുതൽ തുടർച്ചയായി കോൺഗ്രസ്സുപാർട്ടി ഓരോ സന്ദർഭത്തിൽ ഈ രാജ്യത്തിൻറെ രക്ഷയ്ക്കുവേണ്ടി ഓരോ നയം സ്വീകരിച്ചിട്ടുണ്ടു്. 1952-ലെ പൊതു തിരഞ്ഞെടുപ്പുഫലം പുറത്തുവന്നപ്പോൾ, കോൺഗ്രസ്സുപാർട്ടിക്കു വ്യക്തമായ ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. 108 അംഗങ്ങൾ ഉണ്ടായിരുന്ന സഭയിൽ 44 അംഗങ്ങൾ മാത്രമായിരുന്ന കോൺഗ്രസ്സുപാർട്ടിയിലുണ്ടായിരുന്നതു്. അന്നു അഡ്മിനിസ്ട്രേറ്റർഭരണം ഒഴിവാക്കണമെന്നുള്ള വ്യഗ്രതയോടുകൂടി ഭരണഭാരം ഏറ്റെടുത്തതിനെ മറ്റുവർ ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. 1954-ൽ പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ, ഈ രാജ്യത്തു ഒരു ക്രൈസിസ് ഇല്ലാതാക്കുന്നതിനുവേണ്ടി, പ്രജാസോഷ്യലിസ്റ്റുപാർട്ടി നേതാവിനു സപ്പോർട്ടു നൽകുമെന്നു കോൺഗ്രസ്സുപാർട്ടി തീരുമാനിക്കുകയാണുണ്ടായതു്. അതു ശരിതന്നെയാണെന്നു, പ്രജാസോഷ്യലിസ്റ്റുപാർട്ടിയിൽത്തന്നെ പരാമർശമുണ്ടായി. രാജ്യനന്മയ്ക്കുവേണ്ടി രാജ്യത്തിൻറെ രക്ഷയ്ക്കുവേണ്ടി, ഈ രാജ്യത്തു കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടി, ശ്രീ. താണുപിള്ള ഒരു ഗവണ്മെൻറുണ്ടാക്കുകയാണെങ്കിൽ കോൺഗ്രസ്സുപാർട്ടിയിലെ 44 അംഗങ്ങൾ അവർക്കു പിൻതുണ നൽകുമെന്നുപറഞ്ഞതു, പ്രജാസോഷ്യലിസ്റ്റുപാർട്ടിയിലെ അംഗങ്ങൾതന്നെ ശരിയല്ലാതെയാണെന്നു ആക്ഷേപിക്കുകയുണ്ടായിട്ടുണ്ടു്. അന്നത്തെ സാഹചര്യങ്ങൾ അതായിരുന്നു. ഇന്നു വന്നുചേർന്നിരിക്കുന്ന ഈ പ്രത്യേക പരിതസ്ഥിതിയിൽ, ഈ രാജ്യത്തിൻറെ രക്ഷയും, ഈ രാജ്യത്തെ ഡമോക്രാറ്റിക് രീതിയിലുള്ള ഭരണവും, കോൺഗ്രസ്സുപാർട്ടിയുടെ കുത്തകയാണെന്നു വിചാരിക്കാനുള്ള മൗഢ്യം എനിക്കില്ല. കോൺഗ്രസ്സുപാർട്ടി കഴിയുന്നിടത്തോളം ശ്രമിച്ചുനോക്കി. ആ ശ്രമം ഫലിച്ചില്ല. രാജ്യനന്മയ്ക്കുവേണ്ടിയുള്ള പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ സഹകരണം സാദ്ധ്യമല്ലെന്നും, "ക്രിയാകേവലം" ഉത്തരം എന്നമട്ടിൽ അവർ ഒരു നിലപാടു സ്വീകരിച്ചിരിക്കുന്നുവെന്നും കണ്ടു. ആർ. എസ്സ്. പി. യും അതുപോലുള്ള മറ്റുപാർട്ടികളും പ്രസ്താവനകൾമുഖേനയും, വോട്ടുകൾ രേഖപ്പെടുത്തിയും ഈ ഗവണ്മെൻറിനോടുള്ള എതിർപ്പു പ്രകടമാക്കിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

15-ാംതീയതി എന്തു സംഭവിക്കുമെന്നു് ഒന്നു പരീക്ഷിച്ചുനോക്കാമെന്നു കരുതി ഞാൻ ഈ നിയമസഭയിൽ പ്രവേശിക്കുകയായിരുന്നെങ്കിൽ അതു് ഈ സഭയിലെ ഓരോരുത്തരുടേയും ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയായിരിക്കുമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആത്മാർത്ഥതയെ, ആർ. എസ്സ്. പി. യുടെ ആത്മാർത്ഥതയെ, പി. എസ്സ്. പി. യുടെ ആത്മാർത്ഥതയെ കോൺഗ്രസ്സിൽനിന്നും രാജിവച്ചു് ആറംഗങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന ഒരു നടപടിയായിരിക്കും അതു്. 15-ാംതീയതി ആരുടെയെങ്കിലും വോട്ടു കിട്ടാൻ സാധിച്ചേക്കും ആരെങ്കിലും അനുകൂലമായി വോട്ടുചേയ്തേയ്ക്കും എന്നെല്ലാം വിചാരിച്ചു് രാജിവയ്ക്കാതെ തുടരുകയാണെങ്കിൽ അതു് ബഹുമാനപ്പെട്ട സുഹൃത്തുക്കളുടെ ഓരോരുത്തരുടേയും ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന ഒരു നടപടിയാകുമായിരുന്നു. ഞാൻ അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുന്നില്ല. ഓരോ രാഷ്ട്രീയപാർട്ടിയിലും പെട്ടവരുടെ സുചിന്തിതമായ പ്രസ്താവന മുഖവിലയിൽത്തന്നെ എടുത്തുനോക്കിയാൽ എനിക്കു നിയമസഭയിൽ ഭൂരിപക്ഷമില്ലെന്നു തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഞാൻ ഭരണഭാരം ഒഴിയുകയാണു്. അതുകൊണ്ടുമാത്രമാണു് ഞാൻ ഇന്നലെ രാജിക്കത്തു സമർപ്പിക്കാൻ തീരുമാനിച്ചതു്.

സർ, മറെറാരുകാര്യം കൂടി പറയാനുണ്ടു്. ഈ പതനം സംഭവിക്കാനുള്ള കാരണം ഈ മന്ത്രിസഭചെയ്തിട്ടുള്ള ചില ക്രമക്കേടുകൊണ്ടോ, ചില പോരായ്മകൊണ്ടോ, ചില അഴിമതികൊണ്ടൊന്നാണു് പരസ്യമായി പത്രത്തിൽ പ്രസ്താവനകൾ വന്നിട്ടുണ്ടു്. ആ പ്രസ്താവനയെ ആസ്പദമാക്കി ഈ നിയമസഭയിൽത്തന്നെ എന്റെ ബഹുമാന്യസുഹൃത്തുക്കൾ പ്രസംഗിച്ചിട്ടുമുണ്ടു്. ആ പ്രസ്താവനകൾ ഇറക്കിയ എന്റെ സുഹൃത്തുക്കൾ ആരെയും ഈ സഭാതലത്തിൽ ഞാൻ കാണുന്നില്ല. അതുകൊണ്ടു് ആ പ്രസ്താവനയെ സ്പർശിച്ചുകൊണ്ടു മറുപടി പറയുകയാണെങ്കിൽ അതൊരു ന്യായം വിട്ട പ്രവൃത്തിയായിരിക്കും. അതുകൊണ്ടു് ഈയവസരത്തിൽ ഞാൻ അതിനു മുതിരുന്നില്ല. മറെറാരു സന്ദർഭം അതിനുപയോഗിക്കാം. പക്ഷേ ഒന്നു പറയാൻ ആഗ്രഹിക്കുന്നു; ഈ ഒരു നിലപാടു് ഞാൻ എടുത്തിട്ടുള്ളതു് ധിക്കാരംകൊണ്ടോ പരാജയബോധത്തോടുകൂടിയോ അല്ലെന്നു്.

സർ, ഇനി എന്താണു് സംഭവിക്കാൻ പോകുന്നതു് എന്നു് എനിക്കു വളരെയേറെ ഉൽക്കണ്ഠയുണ്ടു്. അതു ഈ സഭാതലത്തിലുള്ള എല്ലാവർക്കുമുണ്ടു്. ഇന്നത്തേതു് സാധാരണ സന്ദർഭമല്ല. ഇതു വളരെ ഗൗരവതരമായ ഒരു സന്ദർഭമാണു് അടുത്തഭാവിയിൽ കേരളസംസ്ഥാനം ഉടലെടുക്കാൻ പോകുകയാണു്. കേരളസംസ്ഥാനത്തിന്റെ പിറവി നാം കാത്തുകൊണ്ടിരിക്കുകയാണു്. കേരളസംസ്ഥാനത്തിന്റെ പിറവി തുടങ്ങുന്നതിനുമുൻപു് ഈവിധത്തിലൊരു ചിത്രമാണോ നമ്മുടെരാജ്യത്തുണ്ടാകേണ്ടതു് എന്നുള്ളതിനെപററി, ഭാവിയെപ്പററി ചിന്തിക്കുന്ന എല്ലാ ആളുകൾക്കും വളരെ ഉൽക്കണ്ഠയുണ്ടു്. പക്ഷേ, ഞാൻ തികഞ്ഞ ഒരു ശുഭാപ്തിവിശ്വാസക്കാരനാണു്. ഒരുറച്ച മന്ത്രിസഭ നിലനിൽക്കണമെന്നുള്ള സാഹചര്യം ഈ മണ്ണിനില്ലെന്നു പോലും ചില വ്യാഖ്യാനമുണ്ടായിട്ടുണ്ടു്. അനേകം മന്ത്രിസഭകൾ ഇവിടെ എത്രയോ കാലം ഭരിക്കുകയും രാജിവച്ചുപോകുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഈ മന്ത്രിസഭകൾ ഒന്നും വീണിട്ടുള്ളതു് പ്രതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പക്ഷകക്ഷികളും മൂലമല്ല. ഈ നഗ്നസത്യം ഇവിടെ ഞാൻ പറയാൻ ആഗ്രഹിക്കുന്നു. 1948-നു ശേഷം ഇവിടെ ഉണ്ടായിട്ടുള്ള മന്ത്രിസഭകളെപ്പറ്റിയൊന്നും പ്രതിപക്ഷകക്ഷികളുടെ ബഹളം മൂലമോ പ്രതിപക്ഷകക്ഷികളുടെ വിരോധംമൂലമോ പ്രതിപക്ഷങ്ങളിൽ നിന്നുയർന്നിട്ടുള്ള ആക്ഷേപം മൂലമോ ഉണ്ടായിട്ടുള്ളതല്ല. ഈ ഒരവസ്ഥയ്ക്ക്; ഈ ഒരു രോഗത്തിനു് എന്റെയും എന്റെ കൂട്ടുമന്ത്രിമാരുടേയും ആത്മബലി പരിഹാരമാകുമെങ്കിൽ ആയിക്കൊള്ളട്ടെ എന്നു് ആത്മാർത്ഥമായി വിചാരിക്കുന്നു. അങ്ങനെയൊരു സന്ദർഭമുണ്ടാകുന്ന അവസരത്തിൽ ഏതു വിധത്തിലാണു് പ്രവർത്തിക്കേണ്ടതു്; വിട്ടുവീഴ്ച ചെയ്തിരുന്നുവെങ്കിൽ അതൊഴിവാക്കി നിർത്താം എന്നു് ആക്ഷേപിക്കുമായിരുന്നു, നിർത്താം കുറച്ചുപ്പെട്ടുത്തുമായിരുന്നു. നേരെ മറിച്ചു് ഇന്നു് കോൺഗ്രസ്സ് കക്ഷി ഒരു ന്യൂനപക്ഷമായിരിക്കുന്ന സന്ദർഭത്തിൽ ഞാനും എന്റെ കൂട്ടുമന്ത്രിമാരും പിരിയേണ്ടി, രാജ്യത്തിനുണ്ടായിരിക്കുന്ന ശാപപരിഹാരത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം ആത്മബലി നടത്തുകയാണു്. ഈ ആത്മബലി അതിന്റെ ന്യായമായ ഫലത്തെ നൽകട്ടെ എന്നു ഞാൻ കാംക്ഷിക്കുന്നു.

സർ, അവസാനമായി എനിക്കു് ഒന്നുരണ്ടുവാക്കുകൂടി പറയാൻ ഉണ്ടു്. ഈ സഭയുടെ നേതാവും ഇവിടത്തെ മുഖ്യമന്ത്രിയും ആയി തുടർന്നിരുന്ന കാലത്തു ഞാൻ ചെയ്തിട്ടുള്ള പ്രസംഗങ്ങളിലും പ്രസ്താവനകളിലും പലപ്പോഴും നിർത്തിക്കു് ഓരോരുത്തർക്കും അലോഹ്യമോ അല്ലെങ്കിൽ വിഷമമോ തോന്നുന്ന കാര്യങ്ങൾ ഉണ്ടായിട്ടുണ്ടാകാം. പക്ഷെ അതൊന്നും ആരെയെങ്കിലും വ്രണപ്പെടുത്തണമെന്നോ ആരെയെങ്കിലും വിഷമിപ്പിക്കണമെന്നോ മനഃപൂർവ്വം ഉദ്ദേശിച്ചു ചെയ്തിട്ടുള്ളതല്ലെന്നും എല്ലാ സന്ദർഭങ്ങളിലും മഹത്തായ തത്വങ്ങളുടെ പുലർച്ചയ്ക്കുവേണ്ടി ചെയ്തിട്ടുള്ളതാണെന്നും വ്യക്തമാക്കാൻ ഈയവസരം ഉപയോഗിക്കുന്നു. അതുകൊണ്ടു് ഇന്നു ഞാൻ ഈ സഭാതലത്തിലെ നേതാവെന്നുള്ള നിലയിൽ യാത്ര പറയുന്നു. ഈയവസരത്തിൽ പ്രതിപക്ഷത്തുള്ള ഓരോ അംഗങ്ങളിൽനിന്നും എന്റെപാർട്ടിയിൽപ്പെട്ട ഓരോ അംഗങ്ങളിൽനിന്നും വളരെ സ്നേഹപൂരസ്സരവും കാരുണ്യപൂരസ്സരവുമായ സഹകരണം കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നിൽനിന്നും ഏതെങ്കിലും തെറ്റുകളും പ്രമാദങ്ങളും വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നു് അപേക്ഷിക്കുന്നു.

മറ്റൊരു സംഗതികൂടി. ഞാൻ പലപ്പോഴും കർശനമായ നിലപാടുകളും എടുത്തിട്ടുണ്ടു്. ആ നിലപാടിന്റെ തത്വം എന്താണെന്നു ഞാൻ വ്യക്തമാക്കാൻ ശ്രമിക്കാം. ഞാൻ സമ്മർദ്ദതന്ത്രങ്ങൾക്കും ബഹളതന്ത്രങ്ങൾക്കും കീഴടങ്ങാൻ ആഗ്രഹിക്കുന്നില്ല. പാരാജിതനായി, പ്രതിപക്ഷത്തിന്റെ പിൻബലമില്ലാതെ നിയമസഭയുടെ നേതൃസ്ഥാനത്തുനിന്നു് ഇറങ്ങിപ്പോകുന്ന ഈയവസരത്തിൽ ഞാൻ പറയുന്നു, സമ്മർദ്ദതന്ത്രങ്ങൾക്കും ബഹളതന്ത്രങ്ങൾക്കും ഭീഷണികൾക്കും വിധേയനായി ഈ രാജ്യത്തു എന്നല്ല ഒരു രാജ്യത്തും ഒരു ഗവണ്മെന്റിനും ഭരിക്കാൻ സാദ്ധ്യമല്ലെന്നു്. അതിനാൽ നാളെ ഇവിടത്തെ മുഖ്യമന്ത്രിയായിത്തീരാൻ ഇടയുള്ള പ്രതിപക്ഷസുഹൃത്തുക്കളോടു കൂടുതൽ പരിചയമുള്ള ഒരു സ്നേഹിതനെന്ന നിലയിൽ എനിക്കുപദേശിക്കാനുള്ളതു് ബഹളങ്ങൾക്കും സമ്മർദ്ദങ്ങൾക്കും കീഴ്വഴങ്ങരുതെന്നാണു്, ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന ബഹളങ്ങൾ പ്രതിപക്ഷത്തുനിന്നായാലും ഭരണകക്ഷിയിൽ നിന്നായാലും അതിനു കീഴ്വഴങ്ങുന്നതുകൊണ്ടു് ഒരു സൽഭരണം നടത്താൻ സാധിക്കാതെ വരുന്നതാണു്. അന്താരാഷ്ട്രീയകാര്യങ്ങളിൽ എന്നപോലെ ആഭ്യന്തരകാര്യങ്ങളിലും പരസ്പരം വാദപ്രതിവാദങ്ങൾ ചെയ്യും ആശയവിനിമയം ചെയ്യും സൗഹാർദ്ദത്തിന്റെ അന്തരീക്ഷത്തിൽ കാര്യങ്ങൾ നടത്തുന്ന ഒരു പരിഷ്കൃതയുഗത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണു്. ആ തത്വങ്ങൾ മുറുകെ പിടിച്ചു് പ്രവർത്തിക്കുന്ന സന്ദർഭത്തിൽ എന്റെ സ്നേഹിതന്മാർക്കു് ഏതെങ്കിലും വിരോധമോ വിദ്വേഷമോ ഉണ്ടായിട്ടുണ്ടെങ്കിൽ അതു് തത്വദീക്ഷകൊണ്ടുമാത്രമായിരുന്നുവെന്നു് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, ഈ നിയമസഭയിൽ പല അവസരങ്ങളിലും നമ്മുടെ രാജ്യത്തെ സിവിൽസർവ്വീസിനെപ്പറ്റിയും നമ്മുടെ രാജ്യത്തെ പോലീസിനെപ്പറ്റിയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുപോലെ ഈ സെഷനിലും ഉണ്ടായിട്ടുണ്ടു്. ഈ സെഷൻ ഇനിയും കുറെനാൾ നീണ്ടുനിൽക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ വകകാര്യങ്ങളെപ്പറ്റി പ്രസ്താവിക്കാനുള്ള സന്ദർഭം വേറെ ഉണ്ടാകുമെന്നു് വിചാരിച്ചിരുന്നു. അതു് സാധിക്കാതെ വന്നതുകൊണ്ടു് ഈ അവസരത്തിൽ ഒന്നു പറയുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ സിവിൽ സർവ്വീസിനു ഒരു നിസ്സഹായാവസ്ഥയുണ്ടു്. നിയമസഭയിലുണ്ടാകുന്ന വാദപ്രതിവാദങ്ങൾക്കു് മറുപടി പറയാൻ അവർക്കു നിവൃത്തിയില്ല. പക്ഷേ സുശക്തമായ ഒരു സിവിൽ സർവ്വീസുണ്ടായാൽ മാത്രമേ ഭരണം ശരിയായി നടക്കുകയുള്ളൂ എന്നു നാമോർക്കണം. മന്ത്രിമാർ കൂടക്കൂടെ മാറിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്തു് കുഴപ്പംകൂടാതെ ഭരണം നടത്തുന്നതു സിവിൽസർവ്വീസാണു്. ഇന്നത്തെ ക്ഷേമരാഷ്ട്രത്തിന്റെ ഉദയത്തോടുകൂടി, പഞ്ചവത്സരപദ്ധതി ആവിർഭവിച്ചിരിക്കുന്നതോടുകൂടി നമ്മുടെ സിവിൽ സർവ്വീസ് വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അവർ പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അവരുടെ ഇടയ്ക്കു ചില കറുത്തയാടുകളും അമാന്തക്കാരും ഉണ്ടെന്നുവരാം.

എന്നാൽ ഇന്നത്തെ പുതിയ യുഗത്തിനു യോജിച്ചവിധത്തിൽ വളരെയേറെ ഉത്തരവാദബോധത്തോടും ജനക്ഷേമതൽപ്പരതയോടുംകൂടി പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷം ആളുകളും അവരുടെയിടയിലുണ്ടു്. അവർക്കു ഉത്തരവാദബോധമില്ല എന്നു നമ്മുടെ നിയമസഭാതലത്തിൽ പ്രസ്താവനചെയ്യാൻ ഇടവരുന്നതു് ഏറ്റവും വലിയ ഡിമോറലൈസേഷനു് കാരണമാകുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഒരു കൊല്ലക്കാലം അവരുമായി സമ്പർക്കം പുലർത്തിയശേഷം ആ സമ്പർക്കം അവസാനിപ്പിക്കാൻ പോകുന്ന ഈ സന്ദർഭം എനിക്കവേണ്ടിയും എന്റെ മന്ത്രിസഭയ്ക്കുവേണ്ടിയും വളരെ ഭംഗിയോടുകൂടിയും ഭംഗിയായും ഗവണ്മെൻറിനു സഹായം നൽകിയതിനു സിവിൽ സർവ്വീസിനോടും നന്ദി പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

സർ, അവസാനമായി അങ്ങയെപ്പറ്റിയും ഒരുവാക്കു് എനിക്കു പറയാനുണ്ടു്. ഈ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ നേതാവെന്ന നിലയിലും ഭരണകക്ഷിയുടെ തലവനെന്ന നിലയിലും ഞാൻ പ്രവർത്തിച്ച രണ്ടു ഘട്ടങ്ങളിലും അങ്ങു് സ്പീക്കറായിരുന്നു. ആ അവസരങ്ങളിലെല്ലാം അങ്ങു് ഏറ്റവും സൗഹാർദ്ദത്തോടെ പെരുമാറിയിരുന്നു എന്നുള്ള വസ്തുത അങ്ങു് ഏറ്റവും ആദരപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. അതുപോലെതന്നെ ലജി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

സ്പീച്ചർ സെക്രട്ടറിയേറ്റം എന്നോടും പ്രവർത്തിച്ചിട്ടുള്ളതെന്ന് എനിക്കറിയാം. വളരെയേറെ സൗഹൃദങ്ങളും വളരെയേറെ സൗജന്യങ്ങളും വളരെയേറെ സ്നേഹപ്രകടനങ്ങളും എനിക്ക് അവരിൽനിന്നും ഉണ്ടായിട്ടുണ്ടെന്നുള്ളതിൽ സംതൃപ്തിയുണ്ട്. ഈ സഭയിലെ അംഗങ്ങളും എല്ലാവരും എന്നോട് കാണിച്ച സ്നേഹത്തിന ഞാൻ നന്ദിപറയുന്നു. ആദരവർഹിക്കുന്ന നിലയിൽ എല്ലാവരും എന്നോട് പെരുമാറിയിട്ടുണ്ട്. അതിനെതിരായി വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ സാമാന്യതത്വത്തെ സാധൂകരിക്കുന്ന ഒരു വ്യത്യസ്തത മാത്രമാണ്. ഇത്രയുംമാത്രമേ ഈയവസരത്തിൽ എനിക്ക പറയാനുള്ളൂ. ഞാൻ ഈ അവസരത്തിൽ രാജിവയ്ക്കുന്നതു ഡെമോക്രാറ്റിക് തത്വത്തിന്റെ പുലർച്ചയ്ക്കുവേണ്ടിയാണെന്നും ഒരു ന്യൂനപക്ഷം ഈയവസരത്തിൽ ഭരണത്തിൽ തുടരുന്നതു നീതിക്കു ചേരുന്നതല്ലാത്തതും അതു പലവിധ കുഴപ്പങ്ങൾക്കും ഇടയാക്കുമെന്നുമുള്ള ഉത്തരവാദബോധത്തോടുകൂടി മാത്രവുമാണ്. അതുകൊണ്ട് ഞാൻ ഈയവസരത്തിൽ നിങ്ങളോട വിടവാങ്ങുകയാണ്. നിങ്ങൾക്കു നമസ്കാരം.

ശ്രീ. ടി. വി. തോമസ് : സർ, രാജിവച്ചൊഴിഞ്ഞ മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ മന്ത്രിസഭ രാജിവയ്ക്കുന്നതിനിടയാക്കിയ പരിതഃസ്ഥിതികളേയും സാഹചര്യങ്ങളേയും പറ്റി പ്രസ്താവിച്ചു. ഈ അവസരത്തിൽ, പ്രതിപക്ഷത്തിന്റെ നേതാവെന്ന നിലയിൽ എനിക്കു ചില കാര്യങ്ങൾ ഈ സഭയേയും ഈ നാട്ടിലെ ജനങ്ങളേയും അറിയിക്കുവാനുണ്ട്. മന്ത്രിസഭ രാജി സമർപ്പിച്ച അവസരത്തിൽ, നമ്മുടെ ഈ നാടിനു നേരിട്ടുന്ന സുപ്രധാനമായ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി പരമം ഒരു ഗവണ്മെന്റ രൂപീകരിക്കുന്നതിനു പ്രതിപക്ഷത്തിനൊ, പ്രതിപക്ഷത്തിൽപ്പെട്ട ആർക്കെങ്കിലുമോ സഹകരണം കൊടുക്കണമെന്നു അദ്ദേഹം രാജപ്രമുഖനെ ഉപദേശിച്ചിരിക്കുകയാണെന്നുള്ള വിവരം വളരെ സന്തോഷത്തോടും ആത്മാർത്ഥതയോടുംകൂടിയാണ് ഞാൻ കേട്ടത്. ഈ അഭിപ്രായത്തിനു ഈ സഭയിലെ എല്ലാ അംഗങ്ങളുടേയും പിൻതുണ ഉണ്ടെന്നുള്ള വിവരം രാജപ്രമുഖൻ തിരുമേനിയെ അറിയിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. അങ്ങനെ ഈ നാട്ടുകാർക്കു പരിഹരിക്കേണ്ട പ്രശ്നങ്ങളും പരിഹരിക്കുന്നതിനു ആവശ്യമായ സാവകാശം ഈ സഭയിലെ പ്രതിപക്ഷങ്ങൾക്കു നൽകുവാൻ രാജപ്രമുഖൻ തിരുമേനി തയ്യാറാകണമെന്നുള്ള ഈ സഭയിലെ ഐകകണ്ഠ്യമായ അഭിപ്രായത്തെ രാജപ്രമുഖൻ തിരുമേനി ആദരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ മുഖ്യമന്ത്രി ഈ സഭയോടു യാത്ര ചോദിച്ചുവിടവാങ്ങിയിരിക്കുകയാണല്ലോ. യാത്ര ചോദിക്കുകയാണോ, അഥവാ യാത്ര അയയ്ക്കുകയാണോ ഉണ്ടായതു് എന്നുള്ളതിനെപ്പറ്റി എനിക്കു സംശയമുണ്ടെങ്കിലും, ഈ അവസരത്തിൽ അദ്ദേഹം സൂചിപ്പിച്ചതുപോലെ വിവാദപരമായ പ്രസ്താവനകളും ഉദ്ദേശം സൃഷ്ടിക്കത്തക്ക വസ്തുതകളും ഈ സഭമുമ്പാകെ സമർപ്പിച്ചു് ഈ അവസരം അലോരസപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാരുണ്യപൂർവ്വമായ അദ്ദേഹത്തിന്റെ സ്തുതിവാക്യങ്ങൾക്കു് ഞാൻ അദ്ദേഹത്തോടു നന്ദിപറയുന്നു. കണ്വമഹർഷിയുടെ യാത്രാനുഗ്രഹവചസ്സുകൾ പറയുന്നതിനുള്ള കഴിവു എനിക്കുണ്ടായിരുന്നെങ്കിൽ, ഈ അവസരത്തിൽ, അതു മുഴുവനും പ്രയോഗിക്കുവാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മടിക്കുമായിരുന്നില്ല. ശ്രീമതി പിൻബലം അദ്ദേഹത്തിന് ഇല്ലാതിരുന്നിട്ടും, മിക്കാബെറെപ്പോലെ എന്തെങ്കിലും സംഭവിച്ചേയ്ക്കുമോയെന്നുള്ള പ്രതീക്ഷയോടുകൂടി മന്ത്രിസഭ തുടർന്നുകൊണ്ടുപോകുവാൻ അദ്ദേഹം ആഗ്രഹിച്ചില്ലെന്നു പ്രസ്താവിക്കുകയുണ്ടായി. ചരിത്രത്തിൽ, ഇത്തരം മിക്കാബറന്മാരെ മിക്കാബറന്മാരല്ലാതാക്കിത്തീർക്കുന്ന ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. 46 അംഗങ്ങൾ മാത്രമുള്ള ഒരു പാർട്ടിയുടെ ലീഡർ എന്ന നിലയിൽ, അധികാരത്തിൽ കയറിയ അദ്ദേഹം ഇതിനുമുമ്പു പ്രകടിപ്പിച്ച അടവുകൾ, നാം കണ്ടിട്ടുള്ളതാണ്.

ശ്രീ. എ. ചിദംബരനാഥ നാടാർ : സർ, ഇതു മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയ്ക്കു മറുപടി പറയുകയാണോ എന്നറിഞ്ഞാൽകൊള്ളാം.

ശ്രീ. ടി. വി. തോമസ് : ശ്രീ. നാടാരുടെ ഈ ചോദ്യംതന്നെ ഐക്യകേരളം വേണമെന്നുള്ള ഞങ്ങളുടെ നിലയെ സാധൂകരിക്കുകയാണു ചെയ്യുന്നതു്. ഞാൻ എന്താണു പറയുന്നതു എന്നുപോലും അദ്ദേഹത്തിനു മനസ്സിലാകുന്നില്ല. മലയാളം അറിയാമായിരുന്നുവെങ്കിൽ ഞാൻ എന്തൊന്നാണു് ഇവിടെ പറയുന്നതു് എന്നു ചോദിക്കുമായിരുന്നില്ല. മലയാളം മാത്രം അറിയാവുന്ന ഒരു കേരളം വേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നതു് അതുകൊണ്ടാണു്.

സർ, മുഖ്യമന്ത്രിക്കു് ഭൂരിപക്ഷ സംഖ്യാബലം ഇല്ലായിരുന്നു. അതുകൊണ്ടുമാത്രമായില്ല. ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ, ഈ മന്ത്രിസഭയോടുള്ള പ്രതിപക്ഷത്തിന്റെ സുചിന്തിതമായ അഭിപ്രായം എന്താണെന്നു് അറിയുവാനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിക്കുകയും ജനക്ഷേമത്തിന്റെ വളർച്ചയ്ക്കു് ഇത്തരത്തിലുള്ള ഒരു സമീപനരീതി അത്യാവശ്യമാണെന്നു അദ്ദേഹം ഇവിടെ പറയുകയും ചെയ്തു. അങ്ങനെയൊരു നിലപാടു് ഇതിനുമുമ്പു അദ്ദേഹത്തിന്റെ പാർട്ടി എടുത്തിട്ടില്ല. ഏതായാലും ഒരുകാര്യം അദ്ദേഹം സമ്മതിക്കുകയുണ്ടായി. ഒരു നഗ്നമായ പരമാർത്ഥം അദ്ദേഹം തുറന്നു പറഞ്ഞു. കഴിഞ്ഞകാലങ്ങളിൽ ഇവിടത്തെ മന്ത്രിസഭ വീണതു് പ്രതിപക്ഷത്തിന്റെ സമ്മർദ്ദംമൂലം അല്ലെന്നും സ്വന്തം പാർട്ടിയിലുള്ള കുതികാൽവെട്ടികളുടെ പ്രവർത്തനം കൊണ്ടാണെന്നും, അദ്ദേഹം സമ്മതിച്ചു. അങ്ങനെ, സ്വന്തം പാർട്ടിയിൽനിന്നുള്ള ഈ തൊഴുത്തിൽക്കുത്തു് എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചു കണ്ടാൽകൊള്ളാമെന്നു അദ്ദേഹം ആശിക്കുകയും അതിനുള്ള സാഹചര്യം സൃഷ്ടിക്കരുതെന്നു ഉപദേശിക്കുകയും ഒരു ആത്മബലി കൊടുത്തുപോലും അത്തരം സാഹചര്യങ്ങളിൽനിന്നു സ്വന്തം പാർട്ടിയെ ഒഴിവാക്കുവാൻ ശ്രമിച്ചതായി പറയുകയും ചെയ്യുന്ന അദ്ദേഹത്തോടു അദ്ദേഹത്തിന്റേയും, അദ്ദേഹത്തിന്റെ പാർട്ടിയുടേയും കഴിഞ്ഞകാല പ്രവർത്തനങ്ങളെപ്പറ്റി ശാന്തമായി, നിഷ്പക്ഷബുദ്ധിയോടുകൂടി ചിന്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സർ, അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും ഈ രാജ്യത്തിനു ഏറ്റവും വലിയ ദ്രോഹം ചെയ്തിട്ടുണ്ടു്. കഴിഞ്ഞ തിരഞ്ഞെടുപ്പു് തെളിയിച്ചതു്, ഈ രാജ്യത്തെ ജനങ്ങളുടെ അഭിലാഷം ഇവിടെയുള്ള ഇടതുപക്ഷങ്ങൾ ഒന്നിച്ചുനിന്നു ഭരണകാര്യങ്ങളിൽ പ്രവർത്തിക്കണമെന്നായിരുന്നു. അതുവരെ അധികാരത്തിൽ ഇരുന്നിരുന്ന കോൺഗ്രസ്സ് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ എട്ടുചർഷത്തെ ഭരണത്തിന്റെ ഫലമായി, അവരിൽനിന്നു കയ്പേറിയ അനുഭവങ്ങളുണ്ടായതിന്റെ ഫലമായി കാൺഗ്രസ്സ് ജനങ്ങളുടേതല്ലാതായിത്തീർന്നു എന്നു കണ്ടതിനുശേഷം ഇവിടത്തെ പ്രതിപക്ഷ അംഗങ്ങളുടെ ഒരു ഭരണമാണ് ജനങ്ങൾ അഭിലഷിക്കുന്നതെന്നു വ്യക്തമായി പ്രകടമാക്കിക്കഴിഞ്ഞിട്ടും, അങ്ങേഹം ജനങ്ങളുടെ അഭിപ്രായത്തിനു വഴിപ്പെടാതെ, പി. എസ്. പി-ക്ക് ആനുകൂല്യം കൊടുക്കുകയാണുണ്ടായത്. ജനങ്ങളുടെ ആഗ്രഹത്തിനെ ഇത്രയേറെ കൊലപാതകം നടത്തിയ, ജനങ്ങളുടെ വ്യക്തമായ വിധിയെ മാനിക്കാത്ത, അതു നടപ്പിലാക്കുവാൻ സൗകര്യം കൊടുക്കാത്ത, ജനങ്ങളുടെ ഐക്യത്തിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടത്തക്കവണ്ണമുള്ള ഒരു നിലപാടു് സ്വീകരിച്ച കാൺഗ്രസ്സ് പാർട്ടിയും, കാൺഗ്രസ്സ് പാർട്ടിയുടെ നേതാവായ ശ്രീ പി. ജി. മേനവനും ഒന്നാലോചിച്ചു നോക്കേണ്ടതാണു്; ഇത്രയും ദ്രോഹപരമായ ഒരു നിലയേറെ ആരെങ്കിലും എടുത്തിട്ടുണ്ടോയെന്നു്. ഒരു അഡ്മിനിസ്ട്രേറ്റർ ഭരണം ഒഴിവാക്കുവൻവേണ്ടിയാണു് അന്നു് ആ നില സ്വീകരിച്ചതു് എന്നാണേഹം പറഞ്ഞു. ഇന്നെന്താണു സ്ഥിതി? 1952-ൽ ജനങ്ങളുടെ വിധിയെ മാനിക്കാത്ത ഒരു നില സ്വീകരിച്ചതു്, അഡ്മിനിസ്ട്രേറ്റർ ഭരണത്തെ ഒഴിവാക്കാൻവേണ്ടിയാണെന്നു പറയുമ്പോൾ, ഇന്നു് അതിൽനിന്നു വ്യത്യസ്തമായ ഒരു നില ആണോ ഉള്ളതെന്നു ഞാൻ ചോദിക്കുന്നു. ഏതായാലും കഴിഞ്ഞകാലത്തെ പ്രവർത്തനങ്ങൾ, കഴിഞ്ഞകാലത്തു് ഇവിടെ ഭരിച്ചിരുന്ന പാർട്ടി എടുത്തിരിക്കുന്ന നിലപാടു് എന്താണെന്നുള്ളതിനെപ്പറ്റി ഈ അവസരത്തിൽ ചർച്ച ചെയ്യുന്നതു്, ശരിയല്ലെന്നെനിക്കറിയാം. ഈ മന്ത്രിസഭ നിലയ്ക്കുനിൽക്കണമെങ്കിൽ, പ്രതിപക്ഷത്തിന്റെ പ്രത്യക്ഷമായിട്ടോ, പരോക്ഷമായിട്ടോ ഉള്ള സഹായം ഉണ്ടായിരിക്കണം. അങ്ങനെ പ്രതിപക്ഷത്തിൽനിന്നും സഹായമുണ്ടാകാൻ ഇടയില്ലെന്നും, ഞങ്ങളുടെ പ്രസ്താവന മൂലം എസ്. ആർ. സി. റിപ്പോർട്ടിന്മേലുള്ള ബില്ലു് ഇവിടെ ചർച്ച ചെയ്യുന്നതുവരെ ഞങ്ങളുടെ സഹായവും ആനുകൂല്യവും കിട്ടാൻ ഇടയില്ലെന്നു അങ്ങേഹത്തിനു മനസ്സിലാക്കുവാൻ കഴിഞ്ഞു എന്നും ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ സഹായമില്ലായ്മ എസ്. ആർ. സി. റിപ്പോർട്ടിന്മേലുള്ള ബില്ലു് ചർച്ച ചെയ്യുവാൻ ഉള്ള അവസരം നഷ്ടപ്പെടുത്തുമെന്നും, അതു നമ്മുടെ ചിരകാലാഭിലാഷമായ ഐക്യകേരളം രൂപം കൊള്ളുന്നതിനെതിരാണെന്നും, മറ്റും പറയുന്നതു് വെറുമൊരു തെറ്റിദ്ധരിപ്പിക്കൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണെങ്കിൽ, എനിക്കു് അതിനെപ്പറ്റി ഒരു വാക്കു പറയുവാനുണ്ടു്. സംസ്ഥാന നിയമസഭ നിലവിലിരിക്കുമ്പോൾ, എസ്. ആർ. സി. റിപ്പോർട്ടിന്മേലുള്ള ബില്ലിന്റെ ചർച്ച ആവശ്യമാണു്. സംസ്ഥാനനിയമസഭയുടെ അഭിപ്രായം അറിയേണ്ടതും ആവശ്യമാണു്. എന്നാൽ, സംസ്ഥാന നിയമസഭ ഇല്ലാതായിത്തീരുകയാണെങ്കിൽ, സംസ്ഥാനനിയമസഭയുടെ എല്ലാ അധികാരങ്ങളും പാർലമെന്റിലും പ്രസിഡന്റിലും നിക്ഷിപ്തമായിരിക്കും. സംസ്ഥാനനിയമസഭയുടെ കാര്യങ്ങൾ നിർവഹിക്കുവാൻ പ്രസിഡന്റിനു ആരെയെങ്കിലും അധികാരപ്പെടുത്താം. ഭരണഘടന 356-ം 353-ം വകുപ്പുകളിൽ, അതിനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു്, നിയമസഭ നിലവിൽ ഇല്ലാതിരിക്കുമ്പോൾ അതു ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുവാൻ സാദ്ധ്യമല്ലാതെ വരുമെന്നും, ഐക്യകേരളം രൂപീകരിക്കപ്പെടുന്നതിനു അതു പ്രതിബന്ധം ഉണ്ടാക്കുമെന്നും പറയുന്നതിനോടു ഞാൻ യോജിക്കുന്നില്ല. മനഃപൂർവ്വമല്ലെങ്കിൽത്തന്നെയും, അതു ഒരു തെറ്റിദ്ധരിപ്പിക്കൽ മാത്രമാണു്. ഈ സഭ ഇല്ലാതായിത്തീരുകയാണെങ്കിൽ, ഐക്യകേരള ചർച്ച വിളംബപ്പെടുമെന്നും തോന്നുന്നില്ല. ഭരണഘടനയിൽ അതിനു പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്.

അവസാനമായി, ഈ സഭയിൽ പ്രകടമായ അഭിപ്രായം ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണു്. സുപ്രധാനമായ പല പ്രശ്നങ്ങളും പരിഹരിക്കേണ്ടതായിരിക്കുന്ന ഈ സന്ദർഭത്തിൽ. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി, ഈ സഭയിലെ ഭൂരിപക്ഷം വരുന്ന ഇടതുപക്ഷപാർട്ടികൾ, അതിനു നേതൃത്വം കൊടുക്കണമെന്നും പ്രത്യേകിച്ചും പി. എസ്. പി. പാർട്ടി അതിനു മുൻകൈ എടുക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു. നമ്മുടെ സ്റ്റേറ്റിന്റെ ആസ്തികളേയും ബാദ്ധ്യതകളേയും പറ്റി, പ്രത്യേകിച്ചും ഐക്യകേരളം വരുമ്പോൾ, മറ്റു സ്റ്റേറ്റുകളുമായി ചർച്ച ചെയ്യേണ്ടതു് അത്യാവശ്യമാണു്. അതിനാൽ പി. എസ്. പി.യും മറ്റു ഇടതുപക്ഷ പാർട്ടികളും ചേർന്നു് അതിലേക്കു് എന്തെങ്കിലും ശ്രമങ്ങൾ ചെയ്യുകയാണെങ്കിൽ, ആത്മാർത്ഥമായി അതിനെ അനുകൂലിക്കുമെന്നും, അതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചുതരണമെന്നും രാജപ്രമുഖൻ തിരുമനസ്സിനോടു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനോടു ഞങ്ങൾക്കു് രാഷ്ട്രീയമായി എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽത്തന്നെയും, അദ്ദേഹം കാണിച്ചുപൂർവ്വം ചെയ്ത സ്തുതി വചനങ്ങൾക്കു് ഞാൻ വീണ്ടും നന്ദി പറയുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, മുഖ്യമന്ത്രി ഇവിടെ പറഞ്ഞ ചില കാര്യങ്ങളെപ്പറ്റി ഒന്നുരണ്ടുവാക്കുകൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ ജനാധിപത്യഭരണം തുടങ്ങിയതിനുശേഷം ആ ജനാധിപത്യഭരണം സമ്പാദിക്കുന്നതിനുവേണ്ടി സമരം ചെയ്ത കോൺഗ്രസ്, അതിന്റെ ഏറ്റവും ദയനീയമായ അന്ത്യം എന്നുള്ള നിലയിൽ അതിന്റെ അവസാനരംഗം അഭിനയിക്കുന്ന അവസരമാണു് ഇതു്. ഈ അവസരത്തിൽ, കഴിഞ്ഞ കാലത്തു് ദേശീയസ്വാതന്ത്ര്യസമരത്തിനു മുൻപന്തിയിൽ അണിനിരന്ന ഒന്നോരണ്ടോ വ്യക്തികൾ ഒഴിച്ചു ബാക്കിയുള്ളവരെല്ലാം പിന്നിൽക്കൂടി വന്നുകയറിയ ആളുകളാണു്. ഈ അവസാനരംഗത്തിൽ ഏറ്റവും അവസാനത്തെ നടനായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന ആൾ ചില സദുപദേശങ്ങളും ജനാധിപത്യ സംപ്രദായത്തിനു സ്വീകരിക്കേണ്ട അടിസ്ഥാന തത്വങ്ങളും മറ്റും ഉൾക്കൊള്ളുന്ന ഒരു ഗിരിപ്രസംഗം നടത്തുകയുണ്ടായി. ജനാധിപത്യഭരണമൂല്യങ്ങളെപ്പറ്റി, മറ്റു രാഷ്ട്രീയ പാർട്ടികളുടെ ആത്മാർത്ഥതയെപ്പറ്റി, സമ്മർദ്ദങ്ങൾക്കു കീഴ്പ്പെടാതെ ഭരണം നടത്തുന്നതിനെപ്പറ്റി, ഇതുപോലെ പലവിധത്തിലുള്ള തത്വോപദേശങ്ങൾ അദ്ദേഹം നൽകുകയുണ്ടായി. തത്വോപദേശങ്ങൾ ഏവരുടേയും ഹൃദയത്തിൽ ചില ചിന്താഗതികൾ ഉണ്ടാക്കുമെന്നുള്ളതു് സ്വാഭാവികമാണു്. ഇന്നത്തെ സാഹചര്യവും, അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയിൽനിന്നുതന്നെ അദ്ദേഹത്തിനുണ്ടായ അനുഭവവും ഇത്തരം തത്വോപദേശങ്ങൾ നൽകുവാൻ അദ്ദേഹത്തിനു സഹായകമായിത്തീർന്നല്ലോ എന്നുള്ളതിൽ, നാം സന്തോഷിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

സർ, ഇന്നലേയും ഈ ഗിരിപ്രസംഗം ചെയ്യുന്ന അവസരത്തിൽ മറ്റുള്ളവരുടെ ആത്മാർത്ഥതയെപ്പറ്റി, ഇന്നലെവരെ അദ്ദേഹത്തിനുള്ള അഭിപ്രായമെന്തായിരുന്നു എന്നു് നമുക്കു് അദ്ദേഹത്തോടു ചോദിക്കുവാനുള്ള അവകാശമുണ്ടു്. ജനാധിപത്യതത്വത്തെപ്പറ്റിയും കഴിഞ്ഞ ആറേഴു കൊല്ലങ്ങളായി ഈ മന്ത്രിസഭ മാറിക്കൊണ്ടിരിക്കുന്നതിനെപ്പറ്റിയും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കക്ഷിക്കും ഉള്ള അഭിപ്രായമെന്തായിരുന്നു എന്നും അദ്ദേഹം ആലോചിക്കേണ്ടതാണു്.

സർ, കഴിഞ്ഞ ആറേഴു വർഷത്തിനകം രാഷ്ട്രീയ പാർട്ടികളുടെ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിലധികം തവണ മന്ത്രിസഭ ഇവിടെ രൂപമെടുത്തിട്ടുണ്ടു്. ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനു മുൻപു പി. എസ്സ്. പി. മന്ത്രിസഭ ഒരു സപ്ലിമെന്ററി ഗ്രാന്റുകൊണ്ടുവന്ന അവസരത്തിൽ പി. എസ്സ്. പി. മന്ത്രിസഭയെ താങ്ങി നിറുത്തിയിരുന്ന കോൺഗ്രസ് പാർട്ടിതന്നെ അതിനെ എതിരായി വോട്ടുചെയ്യുകയായിരുന്നുചെയ്തതു്. ഒരു മന്ത്രിസഭയെ താങ്ങി നിറുത്തിക്കൊണ്ടു ആ മന്ത്രിസഭയ്ക്കു എതിരായി പ്രവർത്തിക്കുന്നതു പാരമ്പര്യമാണു് അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ പാർട്ടിക്കുമുള്ളതു. പുഴുതാ കോൺഗ്രസുപാർട്ടിക്കകത്തുതന്നെ പിളർപ്പുണ്ടായതിന്റെ ഫലമായിട്ടാണു് ഇന്നത്തെ മുഖ്യമന്ത്രി രാജിവയ്ക്കാൻ നിർബന്ധിതനായിത്തീർന്നിട്ടുള്ളതു്. പരസ്പരവിശ്വാസവും, ആത്മാർത്ഥതയുമില്ലാത്ത വ്യക്തികൾ ഒരു പാർട്ടിയിൽ കിടന്നു് സുന്ദോപസുന്ദന്മാരെപ്പോലെ തമ്മിൽ തല്ലി സ്വയം നശിക്കുന്നതാണു് ഒരു സ്ഥിതിയാണു് വന്നുചേർന്നിരിക്കുന്നതു്. ഇതു കോൺഗ്രസുപാർട്ടിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യവും, ഗൗരവവും അർഹിക്കുന്ന ഒരു സംഭവവികാസത്തിന്റെ ഭയനീയമായ അന്ത്യരംഗമാണു്. ആ രംഗം അഭിനയിച്ചുകൊണ്ടു അദ്ദേഹം പ്രകടിപ്പിച്ച തത്വോപദേശങ്ങളെല്ലാം, വാസ്തവത്തിൽ ശോകസാന്ദ്രമായ ഒരു ഹംസഗീതം തന്നെയായിരുന്നു. സർ, കഴിഞ്ഞ ആറേഴു വർഷങ്ങളായി, ഇദ്ദേഹം, കോൺഗ്രസ്കാരല്ലാത്ത എല്ലാ പ്രതിപക്ഷകക്ഷികളേയും നിയമസഭയ്ക്കകത്തുവച്ചും, പുറത്തുവച്ചും സ്ഥാനത്തും, അസ്ഥാനത്തും അധിക്ഷേപിച്ചിട്ടുള്ളതായി എല്ലാവർക്കും അറിയാവുന്നതാണു്. ഇങ്ങനെയുള്ള നേതാക്കന്മാർ ഏതെല്ലാം സമ്മർദ്ദങ്ങളും, കുതന്ത്രങ്ങളും ഉപയോഗിച്ചാണോ അധികാരത്തിൽ കയറിയതു്, അതേ ആയുധങ്ങൾകൊണ്ടുതന്നെ അവർ പുറംതള്ളപ്പെടുകയുമാണു് ചെയ്യുന്നതു്. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ഗിരിപ്രസംഗത്തിനിടയിൽ പറയുകയുണ്ടായി സ്വയം ആത്മബലി നടത്തുകയാണു് എന്നു്. വാസ്തവത്തിൽ അദ്ദേഹം ആത്മബലി നടത്തുകയല്ല ചെയ്തതു്. ആത്മനാശമാണു് നടത്തിയിട്ടുള്ളതു്. ഇതു അദ്ദേഹത്തിന്റെ ആത്മനാശം മാത്രമല്ല. പിന്നയോ കോൺഗ്രസുപാർട്ടിയുടെ മുഴുവൻ ആത്മനാശമാണു്. കഴിഞ്ഞ ആറേഴുവർഷക്കാലമായി ഇങ്ങനെ ആത്മനാശം ചെയ്തുകൊണ്ടിരിക്കുന്ന കോൺഗ്രസ് പാർട്ടിയിലെ അവസാനരംഗം അഭിനയിക്കുന്ന കഥാനായകനാണു് ഇദ്ദേഹം. ഇദ്ദേഹത്തിന്റെ അഭിനയത്തോടുകൂടി നാടകം അവസാനിച്ചിരിക്കുകയാണു്. സർ, പല പ്രധാനപ്പെട്ട പ്രശ്നങ്ങളും രാജ്യത്തെ സംബന്ധിച്ചിടത്തോളം ഉടലെടുക്കാൻ പോകുന്ന ഈ അവസരത്തിലാണു് ഈ മന്ത്രിസഭയുടെ പതനം ഉണ്ടായിട്ടുള്ളതു്. ഈ പ്രശ്നങ്ങളെല്ലാം കാര്യക്ഷമതയോടും, ആത്മാർത്ഥതയോടുംകൂടി അഭിമുഖീകരിക്കാൻ തക്കവണ്ണം പ്രാപ്തിയുള്ള ഒരു മന്ത്രിസഭ, ശ്രീ

LIBRARY ARCHIVES Kerala Legislative Assembly

മെടുക്കേണ്ട സമയം ആസന്നമായിരിക്കുകയാണ്. ഈ അവസരത്തിൽ രാജ്യനന്മയെ ലാക്കാക്കി പ്രവർത്തിച്ചില്ലെങ്കിൽ അനന്തരഫലം ഏൻറെ കക്ഷിയെ മാത്രമല്ല, മറെറല്ലാ കക്ഷികളേയും ബാധിക്കുന്നതാണ്. തങ്ങൾക്കു ഭരിക്കാൻ സാധിക്കാത്തതുകൊണ്ടു മറെറാരെക്കൊണ്ടും ഭരിപ്പിക്കുകയില്ല എന്നുള്ള വിചാരമില്ലെങ്കിൽ മറെറാരു മന്ത്രിസഭയ്ക്കും പിൻതുണ നൽകാൻ ഈ അവസരത്തിൽ ഇവർ തയ്യാറാകേണ്ടതാണ്. അതല്ല തങ്ങളെ ഭരിക്കാൻ അനുവദിക്കാത്തിടത്തോളം കാലം മറെറാരേയും ഭരിക്കാൻ അനുവദിക്കുകയില്ല എന്നാണെങ്കിൽ ചിലപ്പോൾ ഇവിടെ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയെന്നുവന്നേക്കാം. അഡ്മിനിസ്ട്രേറ്റർ ഭരണം വരുമെന്നുപറഞ്ഞു ഞങ്ങളെ പേടിയാക്കാൻ തുടങ്ങിയാൽ, അതു വന്നാലും തരക്കേടില്ല, ഈ ദുർഭരണം വേണ്ടെന്നേ ഞങ്ങൾ പറയുകയുള്ളൂ.

സർ, കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനു മുൻപു്, കാൺഗ്രസുപാർട്ടിയെപ്പററി ഈ നിയമസഭയ്ക്കകത്തുവച്ചുണ്ടായ ഒരു വിധിക്കെതിരായി, ഐവർ ജെന്നിംഗ്സിൻെറ സഹായത്തോടുകൂടി മുഖ്യമന്ത്രിയും, പാർട്ടിയും കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ പൊതുജനങ്ങളെ സമീപിച്ചു് അപ്പീൽ ചെയ്തതു് അന്നു് നിയമസഭയ്ക്കകത്തു എഴുതിയ വിധി പൊതുജനങ്ങളുടെ ഒരു വിധിയെഴുത്തല്ലെന്നും, നിയമസഭ പൊതുജനങ്ങളെ പ്രതിനിധീകരിക്കുന്നില്ലെന്നും ആണ്. ആ വാദഗതിയെ സ്ഥിരീകരിക്കാനുള്ള ചില കണക്കുകളെല്ലാം നിയമസഭയ്ക്കകത്തും, പുറത്തും ഉദ്ധരിക്കുകയുണ്ടായി. അതായതു് രാജ്യത്തുള്ള ആകെ വോട്ടുകളുടെ എണ്ണവും, അവയുടെ ശതമാനങ്ങളും മറെറാരുമായിരുന്ന അവ.

സർ, ഇക്കഴിഞ്ഞ മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു കിട്ടിയിട്ടുള്ള സീററുകൾ ഇത്രത്തോളം കുറയാൻ കാരണം ജനങ്ങൾക്കു് അവരോടുള്ള വിശ്വാസത്തിൻെറയും, മതിപ്പിൻെറയും കുറവുകൊണ്ടല്ലേയെന്നാണ് ഞാൻ ചോദിക്കുന്നതു്? അതിനെ തുടർന്നു് ഈ നിയമസഭയ്ക്കകത്തും അവർക്കു പ്രതിപക്ഷമില്ലാതായിരിക്കുകയാണ്. തനിക്കും, പാർട്ടിക്കും രാജ്യത്തു് ഇന്നുള്ള പ്രതിപക്ഷമോ, പിൻതുണയോ കിട്ടുകയില്ലെന്നു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിട്ടാണു് അധികാരം വിട്ടൊഴിഞ്ഞതു്. ജനായത്തഭരണം പുലർത്താതെ, ജനങ്ങളുടെ ധാർമ്മികമൂല്യങ്ങളെപ്പോലും മാനിക്കാതെ, കൈയിൽ കിട്ടിയ അധികാരം ഉപയോഗിച്ചു് ഭരണം നടത്തിയതു സ്വയം കാൺഗ്രസിനെത്തന്നെ നശിപ്പിക്കുകയാണ് താൻ ചെയ്തതു് എന്നുള്ള ആബദ്ധർ തോട്ടു് ഉണ്ടായതിൻെറ ഫലമായിട്ടായിരിക്കണം, ശീതോപദേശംപോലെ ചില തത്വജ്ഞാനങ്ങൾ ഇവിടെ ഉപദേശിച്ചതു്. സർ, കാൺഗ്രസിൻെറ ദൈനംദിന അധഃപതനവും, പരിണാമവും മറെറാരു ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കാൺഗ്രസിനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായ ഒരു പരിണാമം മാത്രമാണ് ഇതു്. ഈ പരിണാമം ആദ്യം ഇവിടെ തുടങ്ങിയാൽ ഇവിടംകൊണ്ടു് അതു് നിൽക്കാൻ പോകുന്നില്ല. ഇവിടെനിന്നും മദ്രാസിലേക്കും, അവിടെനിന്നും ആന്ധ്രായിലേക്കും, അങ്ങിനെ വളരെ വേഗം സ്വയം നാശഗർത്തത്തിലേയ്ക്കു് കാൺഗ്രസ് പൊയ്ക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ പ്രബുദ്ധതയുടെ പേരിൽ അനീതിയും, അഴിമതിയും, സ്വാർത്ഥതയും അന്നേയറെ വളരെ രൂക്ഷതരമായ നിലയിലാണ് വച്ചു പുലർത്തിയ്ട്ടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ.]

ള്ളതു്. ഇതു് എത്രത്തോളം വാസ്തവമാണെന്നുള്ളതു്, സർ, ഇവിടത്തെ ഒരു മുൻമന്ത്രിതന്നെ, അദ്ദേഹത്തിന്റെ ഒരു പ്രസ്താവനയിൽ സൂചിപ്പിച്ചിട്ടുണ്ടു്, ഈ രാജ്യം ഭരിച്ച മന്ത്രിമാരും, ഭരിക്കുന്ന മന്ത്രിമാരും, ഇനിയും ഭരിക്കാൻ വരുന്ന മന്ത്രിമാരും കൈക്കൂലിക്കും, അഴിമതിക്കും അതീതരല്ല എന്നു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, പത്രങ്ങളിൽ കാണുന്ന കള്ളറിപ്പോർട്ടുകൾ വച്ചുകൊണ്ടു് നിയമസഭയിൽ റെഫറൻസ് നടത്തുന്നതു് ഈ സഭയുടെ അന്തസ്സിനുതന്നെ യോജിച്ചതാണോ ?

ശ്രീ. ടി. കെ. ദിവാകരൻ : പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞില്ലല്ലോ. സർ, അങ്ങിനെ അവസാനമായി നാടകത്തിലേയ്ക്കു് എത്തിക്കഴിയുമ്പോഴുള്ള അവസാന രംഗമാണു് ഇവർ അഭിനയിക്കുന്നതു്.

സർ, എനിക്കു മറ്റൊരു കാര്യം പറയാനുള്ളതു് ഈ അവസരത്തിൽ മറ്റൊരു ഉറച്ച ഗവണ്മെന്റു് ഉണ്ടാകുന്നതിനെ സംബന്ധിച്ചാണു്. ഇടതുപക്ഷകക്ഷികളിൽപ്പെട്ടകമ്മ്യൂണിസ്റ്റ്പാർട്ടിയിൽനിന്നും,പി. എസ്. പി., കെ. എസ്. പി. പാർട്ടികളിൽ നിന്നും ഒരു ഗവണ്മെന്റു രൂപീകരിക്കുകയാണെങ്കിൽ അവക്കു് ഞാൻ ഉൾപ്പെട്ട പാർട്ടി പരിപൂർണ്ണമായ പിൻതുണ നൽകാൻ സന്നദ്ധമാണെന്നു ഞാൻ ഈ അവസരത്തിൽപ്രസ്താവിച്ചുകൊള്ളട്ടെ. കാൺഗ്രസുപാർട്ടിയിൽനിന്നും രാജ്വച്ചു ആറുപേരെ പററി ഇപ്പോഴും ശ്രീ. പനമ്പിള്ളി പറയുന്നതു്, ചിലപ്പോൾ, അവരുമായി യോജിപ്പിനുള്ള സാദ്ധ്യതയുണ്ടാകുമെന്നും, അതുകൊണ്ടു് ഈ അവസരത്തിൽ യാതൊരു ക്ഷോഭവും പാടില്ലായെന്നുമാണു്. ഈ ഒരു അഭിപ്രായം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉടനീളം കാണുന്നുണ്ടു്. അങ്ങിനെ അദ്ദേഹവും, അദ്ദേഹത്തിന്റെ സഹമന്ത്രിമാരുംകൂടി മറവരുടെ പിൻതുണയോടുകൂടി ഇനിയും ഒരു ഗവണ്മെന്റു് രൂപീകരിച്ചു ഭരിക്കാമെന്നാണു് ആശിക്കുന്നതെന്നു തോന്നുന്നു. അങ്ങിനെയായിരുന്നാലും ഈ ആറുപേരെപ്പററി ഞങ്ങൾക്കു തീരെ വിശ്വാസമില്ല. കാരണം, അവർ ഈ നാടകത്തിലെ ഒരു അന്തർനാടകക്കാരാണു്. എന്തായാലും നമ്മുടെ രാജ്യത്തു് വളരെയധികം വികസനപദ്ധതികളും, വളരെ പ്രാധാന്യമുള്ള വിവിധ പ്രശ്നങ്ങളും നമ്മെ തുറിച്ചു നോക്കുന്ന ഈ അവസരത്തിൽ, കാൺഗ്രസിന്റെ പതനം നിർഭാഗ്യകരമായ ഒരു അവസ്ഥയെയാണു് ദ്യോതിപ്പിക്കുന്നതെങ്കിലും, ഈ രാജ്യത്തെ ജനായത്തഭരണസംപ്രദായത്തെപ്പററിയും മനുഷ്യരുടെ ധാർമ്മികമൂല്യങ്ങളെപ്പററിയും അശേഷം ചിന്തിക്കാതെ, അവയൊക്കെ അവഗണിച്ചുകൊണ്ടു്, കേവലം ചില സമ്മർദ്ദങ്ങളുടെയും രാഷ്ട്രീയ വിലപേശലുകളുടേയും അടിസ്ഥാനത്തിലുള്ള ഒരു തരം വ്യാപാരമനോഭാവം അവസാനിപ്പിച്ചിട്ടു്, കുറെക്കൂടി ആരോഗ്യപരമായ ഒരു ഭരണകൂടം ഈ രാജ്യത്തു് ഉടലെടുക്കുന്നതിനുവേണ്ടി ഈ രാജ്യത്തുള്ള ജനതതയാറാകേണ്ടതാണെന്നാണെന്റെ അഭിപ്രായം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, എനിക്കു ചില കാര്യങ്ങൾ ഈ സഭയിൽ.....

Mr. SPEAKER : I am not going to allow any more speeches. I wish to make one thing clear

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ പനമ്പിള്ളിയേയോ, കോൺഗ്രസ് പാർട്ടിയേയോ ആക്ഷേപിക്കാനോ, വിമർശിക്കാനോ ആരും ഈ അവസരത്തിൽ തയ്യാറാകരുതെന്നു എനിക്കു ഒരപേക്ഷയുണ്ട്. രാജപ്രമുഖന്റെയും, പ്രസിഡന്റിന്റെയും, ഈ കാര്യത്തിലുള്ള നടപടികളെപ്പറ്റി അനുകൂലിച്ചു വല്ലതും പറയാനുണ്ടെങ്കിൽ അവ മാത്രമേ അനുവദിക്കുകയുള്ളൂ.

SHRI P. S. NATARAJA PILLAI: Sir, I only wish to place on record a few words on behalf of my Party, since the Leader of the House made some observations about that Party.

Sir, I was very carefully following the speech of the hon'ble the Leader of the House. Even after hearing his speech couched in very respectable language I feel, Sir, as a member of the Praja Socialist Party that the Party only did its duty in voting consistently as an opposition party. My party faced the electorate on a specific programme and was returned to this House and was placed in this position, *i. e.*, at the time when no Party had a definite majority in the House the largest single party in the House promised its support and my Party thought it its duty in the interests of the country to undertake the responsibility to be in charge of the administration. They did what they could and their actions are before the public and before the Members of this House too; they can form their own judgment. And for some reasons into which I do not want to go into now, the Congress Party came to the conclusion that it is not in their interests to give support to the Socialist Party in power and naturally the Party had to vacate office.

Sir, one patent fact that stands before us is that off and on the Congress Party or the component parts of that Party think it right to extend wholehearted support or withdraw their support to the ruling group. Such group functioning has been repeating itself during the whole period of popular government in this State. I would even now request the Leader of the House and the Members of the Congress Party to review their past actions and search their minds and come to the conclusion whether they were acting in the public interests all along, or whether they were not actuated and motivated by Party interests and group interests. As long as a Party is not able to rise above Party interests or group interests, the public life in the country is bound to be as it is today. From that point of view, Sir, I do not want to go further and say what it should be.

LIBRARY ARCHIVES Kerala Legislative Assembly

[Shri P. S. Nataraja Pillai]

One thing is clear now. The country is facing a very critical future. Socio-economic problems are coming up, and that has to be handled in the general interest of the country. What should be the attitude of the people or the representatives of the people in this matter? Then, at a stage of a national crisis like this—I call the present position as a national crisis—the form of the state which we are going to have and the form of economic development which we have to evolve, and the pressing problems of inter-statal settlements are all before us, which will have long standing effects on the future of this country and its people. In that situation whether parties can rise above their circumscribed party interests and come together and view things in the larger perspective in the interests of the people as a whole is a matter for the representatives of the people to consider. As far as the Socialist Party is concerned, as I said, the views and programmes of that Party are so clear, the personnel of this Party is known to the country and to this House and they always try to do their duty as they consider best and that in the interest of the country.

Whatever may be the differences that might have existed with the opposition parties, as Members of this House we were all functioning with a certain amount of cordiality and good will. As for the position of the Party is concerned, the party stands by its policy and programme which they have published and on which they sought the Franchise of the Public.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, കഴിഞ്ഞ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഈ രാജ്യത്ത് ഒരു അനിശ്ചിതാവസ്ഥയാണ് ഉണ്ടായത്. അതേ നിലയാണ് ഇന്നും സംജാതമായിരിക്കുന്നത്. ഞാൻ ഉൾപ്പെട്ട കാൺഗ്രസ്സ് പാർട്ടിയിലെ ലീഡറുടെ പ്രസംഗത്തിൽ പി. എസ്. പി. യുമായി യോജിച്ചു ഭരണം നടത്തണമെന്നുള്ള ഒരു അഭിപ്രായം ഉന്നയിച്ചതായി കണ്ടു. പ്രതിപക്ഷകക്ഷികളുടെ പ്രസംഗങ്ങളിലും പ്രജാസോഷ്യലിസ്റ്റ്പാർട്ടി ഭരണ ചുമതല ഏറ്റെടുക്കുവാൻ മുൻകൈയെടുക്കുകയാണെങ്കിൽ അവർ അതിനെ പിൻതാങ്ങാൻ തയ്യാറാണെന്ന് സൂചന നൽകിയിട്ടുണ്ടായിരുന്നു. ഭാവിയിൽ നാം എന്താണ് ചെയ്യേണ്ടതെന്ന് ചിന്തിക്കേണ്ട ഈ സന്ദർഭത്തിൽ കഴിഞ്ഞ കാലത്ത് ഈ രാജ്യത്ത് ഉണ്ടായിട്ടുള്ള സ്ഥിതിഗതികളെപ്പറ്റി ചിന്തിക്കുന്നതു അസംഗതമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, നാം ഇന്നു ജനകീയ ഭരണത്തിനും പാരമ്പര്യത്തിനും വിധേയമായി ഒരു പര്യവേക്ഷണം നടത്തുന്ന പ്രാരംഭഘട്ടത്തിലാണ് നിലകൊള്ളുന്നതു്. കഴിഞ്ഞ തിരഞ്ഞെടുപ്പ് കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ അസംബ്ലി പിരിച്ചുവിടണമോ അഡ്മിനിസ്ട്രേറ്റർ ഭരണം വേണമോ അതല്ല എങ്ങനെയെങ്കിലും അസംബ്ലി തുടർന്നുപോകുന്നതിനുള്ള അഡ്ജസ്റ്റ്മെന്റ് ചെയ്യണമോ എന്നുള്ള നില വന്നപ്പോൾ ഒരു വലിയ പ്രശ്നം നാട്ടുകാരുടെ മുമ്പിൽ ഉണ്ടായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇവിടത്തെ ഇടതുപക്ഷങ്ങളെന്നു പറയുന്ന പാർട്ടികൾ ഞങ്ങൾ തിരഞ്ഞെടുപ്പിൽ ജയിക്കും, ഭരിക്കും എന്ന മട്ടാവാക്യത്തോടുകൂടി തിരഞ്ഞെടുപ്പിനെ നേരിട്ട അസംബ്ലിയിൽ വന്നു. ഞാൻ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയെക്കുടി ഉൾപ്പെടുത്തി പറയുകയാണ്. ഈ രാജ്യത്ത് ജനകീയഭരണം ആവശ്യമാണ് അതിനുവേണ്ടി എന്തു ത്യാഗങ്ങളും സഹിക്കുവാൻ തയ്യാറാണ് എന്ന ഒരു നിലപാടാണ് അന്ന് കോൺഗ്രസ്സ് എടുത്തിരുന്നത്. പി. എസ്. പി. ഭരണം എറെറടുക്കണമെന്നുള്ള അഭിപ്രായഗതി വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ നാം അതിനെക്കുറിച്ച് ഒന്നാലോചിക്കണം. ആ പാർട്ടിയിലെ മന്ത്രിമാരുടെ മെരിറ്റ്സിലേക്ക് കടക്കാതെതന്നെ ഞാൻ പറയുകയാണ്. ഈ രാജ്യത്തു ജനകീയം വളർത്തുന്നതിനു് എന്തു ത്യാഗം വേണമെങ്കിലും സഹിക്കാമെന്നു് പറഞ്ഞുകൊണ്ടു് കോൺഗ്രസ്സ് മുന്നോട്ടു വന്നിരുന്ന ആ സന്ദർഭത്തിൽ മറ്റു് ഇടതുപക്ഷ പാർട്ടികളോടു ചെയ്ത സകല വഞ്ചനയെയും മറന്നിട്ട് പ്രജാസോഷ്യലിസ്റ്റുപാർട്ടി രണ്ടു കാമുകന്മാരുടെ മുമ്പിൽ നൃത്തം ചെയ്യുന്ന ഒരു ദാസിയുടെ നിലപാടാണ് സ്വീകരിച്ചത്

SHRI. P. S. NATARAJA PILLAI: On a matter of fact we were discussing the statement of the Leader of the house, that referred to his resignation and his party position. You ruled, Sir, that even the criticism of the party was not relevant. So any criticism of any other party does not arise. If such criticism is allowed, we should also be given an opportunity to speak.

MR. SPEAKER: The House stands adjourned *sine die*

The Assembly adjourned at 9-22 A. M.

LIBRARY ARCHIVES Kerala Legislative Assembly